# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-8 /131/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 09/03/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-8 /131/2022 തീയ്യതി: 09/03/2022

## കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 24-01-2022 | 02-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-01-2022 | 02-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) വിനോത് കുമാർ.സി ഓഡിറ്റ് ഓഫീസർ
2) രഘുനാഥൻ കെ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3) കെ.സി.കുഞ്ഞികൃഷ്ണൻ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4) സുനിൽ കുമാർ എം. സീനിയർ ഗ്രേഡ് ഓഡിറ്റർ
5) അരുൺദേവ് വി.ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഇന്ദിര പി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 30-12-2020 |
| ശ്രീ.എം.കുമാരൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.രാധാകൃഷ്ണൻ എം.കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുമിഷ.കെ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ.ജോർജ്.വി.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.കെ.വേണുഗോപാലൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു.കെ.കെ | എെ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.രാജേന്ദ്രൻ എ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പള്ളിക്കര സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീ.കുഞ്ഞുമോൻ സി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പനയാൽ സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീ.സിവിക്കുട്ടി വർഗ്ഗീസ് | പ്രധാനധ്യാപകൻ | 01-04-2020 | 31-03-2021 |
| ഡോ.അശ്വിൻ | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.ബിനി മോഹൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 31-03-2021 |
| ഡോ.ബിന്ദു.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.രേഷ്മ എ.കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ.വേണുഗോപാലൻ പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. പ്രമീള ഒ.വി | ഫിഷറീസ് സബ് ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 27-01-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 04-02-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 04-02-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 04-02-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 04-02-2022) | 1-2-1 |
| 4 | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 04-02-2022)<br>Last Updated By: Sunilkumar. M (Senior Grade Auditor, On 04-02-2022) | 1-2-2 |
| 5 | വസ്തു നികുതി- കണക്കുകളിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 04-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 08-02-2022) | 1-2-3 |
| 6 | അക്രൂവൽ വരുമാനം വർഷാരംഭത്തിൽ രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 04-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 08-02-2022) | 1-2-4 |
| 7 | ജേർണൽ എൻട്രികൾ ആധികാരികമല്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 04-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 08-02-2022) | 1-2-5 |
| 8 | ബാലൻസ് ഷീറ്റിലെ മറ്റ് പ്രധാന അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 04-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 08-02-2022) | 1-2-6 |
| 9 | സാമ്പത്തിക വിശകലനം<br>Written By: Sunilkumar. M (Senior Grade Auditor, On 26-01-2022)<br>Last Updated By: T.N.Ajithan (Deputy Director, On 08-02-2022) | 1-3 |
| 10 | വിവിധ ഫണ്ടുകളുടെ വിനിയോഗം<br>Written By: Sunilkumar. M (Senior Grade Auditor, On 02-02-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 05-03-2022) | 1-4 |
| 11 | പദ്ധതി അവലോകനം.<br>Written By: Raghunadhan. K (Asst. Audit Officer, On 26-01-2022)<br>Last Updated By: T.N.Ajithan (Deputy Director, On 08-02-2022) | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 28-01-2022)<br>Last Updated By: T.N.Ajithan (Deputy Director, On 08-02-2022) | 1-6 |
| 13 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 26-01-2022)<br>Last Updated By: T.N.Ajithan (Deputy Director, On 08-02-2022) | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Arun Dev V.R (Senior Grade Auditor, On 26-01-2022)<br>Last Updated By: Arun Dev V.R (Senior Grade Auditor, On 26-01-2022) | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: Vinoth Kumar C (Audit Officer, On 03-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 08-02-2022) | 1-9 |
| 16 | റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 08-02-2022) | 1-10 |

| | | |
|---|---|---|
| 17 | ഔട്ട് ഡോർ കളക്ഷൻ തുക സഞ്ചയയിൽ ഒടുക്കവരുത്തുന്നതിൽ കൃത്യതയില്ല<br>Written By: Arun Dev V.R (Senior Grade Auditor, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 1-11 |
| 18 | ലൈബ്രറി സെസ് തുക ഒടുക്കവരുത്തിയിട്ടില്ല<br>Written By: Sunilkumar. M (Senior Grade Auditor, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 08-02-2022) | 1-12 |
| 19 | ഗുണഭോക്തൃ വിഹിതം ഒടുക്കിയതിൽ കുറവ്<br>Written By: Sunilkumar. M (Senior Grade Auditor, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 08-02-2022) | 1-13 |
| 20 | വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.<br>Written By: Sunilkumar. M (Senior Grade Auditor, On 04-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-02-2022) | 1-14 |
| 21 | തൊഴിൽ നികുതി പൊതു അപാകതകൾ.<br>Written By: Sunilkumar. M (Senior Grade Auditor, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-02-2022) | 1-15 |
| 22 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ പദ്ധതി - അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 01-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 1-16 |
| 23 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്  പദ്ധതി - അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 01-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-02-2022) | 1-17 |
| 24 | പട്ടിക വർഗ്ഗ യുവതികൾക്ക് വിവാഹ ധനസഹായം- അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 01-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-02-2022) | 1-18 |
| 25 | രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 01-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-02-2022) | 1-19 |
| 26 | പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജം - ഗ്രാമപഞ്ചായത്തിലെ LP,UP സ്കൂളുകൾക്ക് ഫർണ്ണിച്ചർ പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 01-02-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 28-02-2022) | 1-20 |
| 27 | കളക്ടേഴ്സ് @ സ്കൂൾ പദ്ധതി -സ്കൂളുകളിൽ ബിൻ സ്ഥാപിക്കൽ<br>Written By: Raghunadhan. K (Asst. Audit Officer, On 01-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 1-21 |
| 28 | ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 01-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-02-2022) | 1-22 |
| 29 | പള്ളിക്കര പി.എച്ച്.സി ആർദ്രം നിലവാരത്തിലേക്ക് ഉയർത്തൽ, ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ  പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 01-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-02-2022) | 1-23 |
| 30 | ജലജീവൻ മിഷൻ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ  പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 01-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-02-2022) | 1-24 |
| 31 | മുൻകൂർ നൽകിയത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 01-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-02-2022) | 1-25 |
| 32 | ഗ്രാമപഞ്ചായത്ത് ടിപ്പർ ലോറിയുടെ ബാറ്ററി മാറ്റിയത് - അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 01-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 10-02-2022) | 1-26 |
| 33 | കോവിഡ് പ്രതിരോധം-വാഹനം വാടകയ്ക്ക് എടുത്തതിലെ -അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 01-02-2022) | 1-27 |

| | | |
|---|---|---|
| | Last Updated By: T.N.Ajithan (Deputy Director, On 10-02-2022) | |
| 34 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 1-28 |
| 35 | തുക മുൻകൂർ നൽകിയിട്ടും കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 1-29 |
| 36 | പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 1-30 |
| 37 | ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 1-31 |
| 38 | പള്ളിക്കര ഹോമിയോഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി - 247442/- രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല.<br>Written By: Arun Dev V.R (Senior Grade Auditor, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 1-32 |
| 39 | ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്.<br>Written By: Vinoth Kumar C (Audit Officer, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 1-33 |
| 40 | ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വൗച്ചറുകളും അനുബന്ധരേഖകളും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 1-34 |
| 41 | പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ - തുക പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചു.<br>Written By: Vinoth Kumar C (Audit Officer, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 1-35 |
| 42 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 1-36 |
| 43 | പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Vinoth Kumar C (Audit Officer, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 1-37 |
| 44 | മത്സ്യബന്ധന മേഖല- പദ്ധതി ആസൂത്രണം ഫലപ്രദമല്ല.<br>Written By: Vinoth Kumar C (Audit Officer, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 1-38 |
| 45 | പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ആർജിത അവധി കണക്കാക്കുന്നതിൽ അപാകത.<br>Written By: Vinoth Kumar C (Audit Officer, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 1-39 |
| 46 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ<br>Written By: Arun Dev V.R (Senior Grade Auditor, On 08-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 1-40 |
| 47 | ഇ.എം.എസ് ഭവന പദ്ധതി ലോൺ- പലിശ അടവ് തനത്ഫണ്ട്/ജനറൽ | 1-41 |

| | | |
|---|---|---|
| | പർപ്പസ് ഫണ്ടിൽ നിന്നും തിരിച്ചടവാക്കേണ്ടതിനു പകരം വികസനഫണ്ടിൽ നിന്ന് അടവാക്കി- അപാകത<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 08-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പദ്ധതി - അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 01-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 3-1 |
| 2 | ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്.<br>Written By: Vinoth Kumar C (Audit Officer, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 09-03-2022) | 3-2 |
| 3 | ബേക്കൽ കുടുംബശ്രീ വിപണന കേന്ദ്രം കെട്ടിടം നവീകരണം-ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്.<br>Written By: Vinoth Kumar C (Audit Officer, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 3-3 |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 26-01-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 28-01-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 28-01-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 05-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 26-01-2022)<br>Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 26-01-2022) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Sunilkumar. M (Senior Grade Auditor, On 02-02-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 28-01-2022)<br>Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 28-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 28-01-2022)<br>Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 28-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 26-01-2022)<br>Last Updated By: T.N.Ajithan (Deputy Director, On 15-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 26-01-2022) | 4-9 |

| | | |
|---|---|---|
| | Last Updated By: Kunjhikrishnan. K.C (Senior Grade Auditor, On 26-01-2022) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 26-01-2022)<br>Last Updated By: Vinoth Kumar C (Audit Officer, On 28-02-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 26-01-2022)<br>Last Updated By: T.N.Ajithan (Deputy Director, On 16-02-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |
| 6 | ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കാത്ത പ്രവൃത്തികൾ. | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| വർഷം | 2020-21 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | 1/2020, തീയ്യതി.24.03.2020 | 04.04./2021, തീയ്യതി 19.02.2021 |
| മുന്നിരിപ്പ് | 1,12,96,699 | 2,84,36,400 |
| വരവ് | 23,64,09,266 | 27,60,40,443 |
| ആകെ | 24,77,05,965 | 30,44,76,843 |
| ചെലവ് | 24,18,85,175 | 29,77,90,392 |
| നീക്കിയിരിപ്പ് | 58,20,790 | 66,86,451 |

## 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

പള്ളിക്കര ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക വിശദമായി പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

### 1-2-2 മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് രണ്ടാം ഗഡു അലോട്ട്മെന്റിൽ നിന്ന് (ജി.ഒ.(ആർടി)നം. 4444/ 2020/ ഫിൻ, തിയതി 03.08.2020) ₹68,900/-രൂപ വോട്ടിംഗ് മെഷീന്റെ ചെലവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക 160100402 – Maintenenace Fund Non Road എന്ന വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ജി.ഒ. പ്രൊജക്ട് തയ്യാറാക്കി പ്രസ്തുത ചെലവ് സുലേഖയിൽ ക്രമീകരിച്ചിട്ടില്ല.

### 1-2-3 വസ്തു നികുതി- കണക്കുകളിലെ അപാകതകൾ

വസ്തു നികുതി പിരിവ്, ബാക്കി എന്നിവയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. സഞ്ചയയിൽ നിന്നും

എടുത്തിട്ടുള്ള 2020-21 ലെ കളക്ഷൻ പ്രോഗ്രസ് റിപ്പോർട്ടിൽ വസ്തുനികുതി പിരിവിൽ ബുക്ക് അഡ്ജസ്റ്റ്മെന്റുകൾ നടത്തിയിട്ടുള്ളതായി കാണുന്നു. ഇതിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ, അഡ്ജസ്റ്റമെന്റ് നടത്താനുള്ള അനുമതികൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക വസ്തു നികുതിയുടെ മുന്നിരിപ്പ്, പിരിവ്, ബാക്കി എന്നിവ സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിലെ ബി 9 പത്രിക പ്രകാരം 350410101 നമ്പർ ശീർഷകത്തിലും, 350410104 നമ്പർ ശീർഷകത്തിലും വസ്തുനികുതി മുൻകൂർ ഇനത്തിൽ യഥാക്രമം 4,60,265/- രൂപ, 1,74,286/- രൂപയുടെയും ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ തുക ഏതെല്ലാം ഡിമാന്റുകളിലേക്ക് ക്രമീകരിക്കേണ്ടതാണെന്ന വിവരം സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നിലവിൽ ഡിമാന്റ് ഇല്ലാത്തവർക്ക് തിരികെ നൽകേണ്ട തുക സംബന്ധിച്ചും സ്ഥാപനത്തിൽ രേഖകളില്ല.

A)വസ്തു നികുതി വരുമാനം രേഖപ്പെടുത്തിയതിൽ അവ്യക്തത - വസ്തു നികുതിയുടെ അക്രൂവൽ വരുമാനമായി 110100101- Property Tax On Residential Buildings എന്ന ഹെഡിൽ 40,55,199/- രൂപയും 11010103-property Tax On Non Residential Buildings എന്ന ഹെഡിൽ 39,94,968/- രൂപയും വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം വരുമാനം രേഖപ്പെടുത്താൻ ആധാരമാക്കിയത് സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സംഗ്രഹം ആണെന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഡിമാന്റ് വിവരങ്ങൾ കൃത്യമല്ല. സഞ്ചയയിൽ പലവിധ ശുദ്ധീകരണങ്ങളും ക്രമീകരണങ്ങളും നടത്തിയിട്ടും വലിയ തുകകളുടെ ഡിമാന്റുകൾ സംശയകരമായ ഡിമാന്റ് എന്ന വിധത്തിൽ കൈകാര്യം ചെയ്താണ് നികുതി പിരിവ് നടത്തുന്നത്. ആയതിനാൽ സഞ്ചയ പ്രകാരമുള്ള ഡിമാന്റ് തുക ശരിയായ തുകയല്ല. ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

1-2-4 അക്രൂവൽ വരുമാനം വർഷാരംഭത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

വസ്തു നികുതിയുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയത് 08.07.2020 ലെ 42000049, 42000230, 42000050, 42000231, എന്നീ ജേർണലുകൾ മുഖേനയാണ്. വർഷാരംഭത്തിലായിരുന്ന അക്രൂവൽ വരുമാനം രേഖപ്പെടുത്തേണ്ടിയിരുന്നത്.

സ്ഥാപനങ്ങൾ, പ്രൊഫഷണലുകൾ, വ്യാപാരികൾ എന്നിവരിൽ നിന്നുള്ള തൊഴിൽ നികുതിയുടെ അക്രൂവൽ വരുമാനം ആദ്യമായി രേഖപ്പെടുത്തിയത് 28.10.2020-ലെ 42000101 എന്ന ജേണൽ മുഖേനയാണ്. തുടർന്ന് 31.03.2021 -ലെ 42000250 ജേണൽ മുഖേന അക്രൂവൽ രേഖപ്പെടുത്തിക്കാണുന്നു. വർഷാരംഭത്തിലായിരുന്ന അക്രൂവൽ വരുമാനം രേഖപ്പെടുത്തേണ്ടിയിരുന്നത്. തുടർന്നു വരുന്ന കൂട്ടിച്ചേർക്കലുകൾ അതാത് സമയങ്ങളിലും നടത്തേണ്ടിയിരുന്നു.

1-2-5 ജേർണൽ എൻട്രികൾ ആധികാരികമല്ല.

ജേർണൽ ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ജേണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജേർണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേർണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവയും സൂക്ഷിച്ചിട്ടില്ല.

1-2-6 ബാലൻസ് ഷീറ്റിലെ മറ്റ് പ്രധാന അപാകതകൾ

A).ബാലൻസ് ഷീറ്റ് B-8, Deposits Works എന്ന ശീർഷകത്തിൽ 1,000/- രൂപ ഡെപ്പോസിറ്റ് ഇനത്തിൽ കാണിക്കുന്നു. എന്നാൽ ഈ തുക ഡെപ്പോസിറ്റ് വർക്ക് തുകയല്ല. Nomination Fee ഇനത്തിൽ 12.10.2015 ന് ലഭിച്ചതാണ്. ഈ തുകയാണ് Deposits Works എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്നത്.

B).2020-21 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. കൂടാതെ ചില ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച്

ചെലവഴിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. എം.എൻ.ആർ.ഇ.ജി.എ., സാക്ഷരത എന്നിവ ഒഴികെയുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. പൊരുത്തപ്പെടുത്താനാവുന്ന വിധം നീക്കിയിരുപ്പ് തുക പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

C).മുൻകൂർ നൽകിയ തുക ( ബി-18) സമയബന്ധിതമായി ക്രമീകരിക്കാൻ നടപടിയില്ല. ഉദാ- 460100103, 460100101, 460100199, 460500501.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 3,59,44,786 |
| വരവ് | 11,33,81,280 |
| ആകെ | 14,93,26,066 |
| ചെലവ് | 12,82,21,453 |
| നീക്കിയിരിപ്പ് | 2,11,04,613 |

## 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 2,37,28,500 | 2,37,28,500 | 2,20,86,023 | 16,42,477 | 93.08% |
| വികസന ഫണ്ട് എസ്.സി.പി. | 0 | 26,29,245 | 26,29,245 | 25,55,787 | 73,458 | 97.2% |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 25,47,197 | 25,47,197 | 24,33,375 | 1,13,822 | 95.5% |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 1,08,06,000 | 1,08,06,000 | 1,07,47,385 | 58,615 | 99.5% |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 68,12,000 | 68,12,000 | 68,04,127 | 7,873 | 99.9% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied | 0 | 92,60,000 | 92,60,000 | 63,36,556 | 29,23,444 | 68.43% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Un Tied | 0 | 1,90,61,353 | 1,90,61,353 | 1,45,54,153 | 45,07,200 | 76.35% |

(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹36,84,082/- (ജനറൽ), ₹1,17,176/- (എസ്.സി.പി), ₹29,255/- (ടി.എസ്.പി), ₹68,900/- (സംരക്ഷണ ഗ്രാന്റ് നോൺ റോഡ്) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.)

ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷവരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 1,84,01,941 | 1,84,01,941 | 1,84,01,941 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 24,38,611 | 24,38,611 | 24,38,611 | 0 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 24,04,120 | 24,04,120 | 24,04,120 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 1,07,47,385 | 1,07,47,385 | 1,07,47,385 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 67,35,227 | 67,35,227 | 67,35,227 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 0 | 63,36,556 | 63,36,556 | 63,36,556 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Un Tied | 0 | 1.45,54,153 | 1.45,54,153 | 1.45,54,153 | 0 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 4,72,395 | 16,34,423 | 21,06,818 | 20,92,921 | 13,897 |
| | 134 | 6 | 140 | 0 | 140 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ - | | | | | |
| സമ്പൂർണ ശുചിത്വ പദ്ധതി | 39,94,761 | 28,16,181 | 68,10,942 | 16,61,985 | 51,48,957 |
| സർവ ശിക്ഷാ അഭിയാൻ | 2,07,296 | 0 | 2,07,296 | 0 | 2,07,296 |
| സംയോജിത ശിശു വികസന പദ്ധതി | 12,38,868 | 13,50,881 | 25,89,749 | 5,00,000 | 20,89,749 |
| ദേശീയ വികലാംഗ പുനരധിവാസപദ്ധതി | 1,75,000 | 0 | 1,75,000 | 0 | 1,75,000 |
| ടി.എസ്.ബി ജനറൽ പർപ്പസ് അക്കൗണ്ട് * | 1,88,54,641 | 16,48,819 | 2,05,03,460 | 2,05,03,460 | 0 |
| | 0 | 3,82,82,203 | 3,82,82,203 | 3,70,62,203 | 12,20,000 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 0 | 39,31,715 | 39,31,715 | 39,31,715 | 0 |

| | | | | | |
|---|---|---|---|---|---|
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് പഞ്ചായത്ത്) | 0 | 44,58,822 | 44,58,822 | 44,58,822 | 0 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ - | | | | | |
| വിമുക്തി | 14,240 | 0 | 14,240 | 0 | 14,240 |
| ശുചിത്വ മിഷൻ ഫണ്ട് | 1,177 | 0 | 1,177 | 0 | 1,177 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 0 | 10,60,000 | 10,60,000 | 10,60,000 | 0 |
| ലൈഫ് വായ്പ | 0 | 26,00,000 | 26,00,000 | 26,00,000 | 0 |
| കില പരിശീലനം | 0 | 42,044 | 42,044 | 42,044 | |
| ഇലക്ഷൻ ബൂത്ത് സജ്ജീകരണം | 0 | 88,000 | 88,000 | 88,000 | |
| ക്വാറന്റീൻ കേന്ദ്രം -സഹായം | 0 | 46,920 | 46,920 | 0 | 46,920 |
| ബി ഫണ്ട് - | | | | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 10,20,000 | 10,20,000 | 10,20,000 | 0 |
| തൊഴിലുറപ്പ് പദ്ധതി യിൽ 100 ദിവസം തൊഴിൽ ചെയ്തവർ ക്കുള്ള ഇൻസെന്റീവ് | 0 | 1,79,000 | 1,79,000 | 1,79,000 | 0 |

കുറിപ്പ് : 1)ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 1,94,75,628/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ, പ്രസ്തുത ടി.എസ്.ബി അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2020-21 വർഷം 3,08,22,459/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2020-21 വർഷം 8,97,92,500/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 290 | 151735219 | 234 | 99736395 | 0 | 56 | 80.68% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 31 | 14087117 | 23 | 10331044 | 73.33 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 15 | 4555500 | 13 | 1926248 | 42.28 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 144 | 57491617 | 119 | 40537924 | 70.51 |
| 4 | കൃഷി ഓഫീസർ | 17 | 16366912 | 17 | 12922745 | 78.95 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 31309232 | 15 | 12506205 | 39.94 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16 | 11129836 | 14 | 10327926 | 92.79 |
| 7 | വെറ്റിനറി സർജ്ജൻ | 10 | 4775475 | 5 | 1477470 | 30.93 |
| 8 | മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | 2 | 1100000 | 2 | 1100000 | 100 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 7 | 2234320 | 7 | 1938870 | 86.77 |
| 10 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 500000 | 1 | 500000 | 100 |
| 11 | പ്രധാനാധ്യാപകൻ | 18 | 5006408 | 16 | 4639115 | 92.66 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1643802 | 2 | 1528848 | 93.00 |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 4 | 1535000 | 0 | 0 | 0 |
| | ആകെ | 290 | 151735219 | 234 | 99736395 | 65.73 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 472395 | 1455423 | 1927818 | 1913921 | 13897 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 31001459 | 31001459 | 31001459 | 0 |
| ആകെ | 472395 | 32456882 | 32929277 | 32915380 | 13897 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 1268 പദ്ധതികളുൾപ്പെടുന്ന 167345090 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 137 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 94167 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 332

കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 7857900 | 503 |
| വിധവാ പെൻഷൻ | 36181500 | 2286 |
| വാർദ്ധക്യകാല പെൻഷൻ | 33965900 | 2461 |
| വികലാംഗ പെൻഷൻ | 10113200 | 675 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായ മുള്ള വനിതകൾക്കുള്ള പെൻഷൻ | 1674000 | 109 |
| വിധവകളുടെ പെൺമക്കൾ ക്കുള്ള വിവാഹ ധനസഹായം | 1020000 | 34 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.01.2022 തീയ്യതിയിൽ 3.15 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 13,306/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### പൊതു നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ജൂനീയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | പാർട്ട് ടൈം പൗണ്ട് കീപ്പർ | 1 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 2 |

ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ജോലി വിഭജനം നടത്തിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയ ഉത്തരവ് 2015 വർഷത്തിൽ തയ്യാറാക്കിയതാണ് (06.07.2015 ലെ ഉത്തരവ് നം എ1/10298/

15എസ്.സി2). ഓഫീസ് ഉത്തരവിൽ പിന്നീട് പുതിയ ചുമതലകൾ വരുന്നതിന്റെയടിസ്ഥാനത്തിൽ നിരവധി ഉപ ഉത്തരവുകൾ പ്രകാരം കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്. വളരെകാലം മുൻപ് തയ്യാറാക്കിയ ഓഫീസ് ഉത്തരവ് പരിഷ്കരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 25 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 11 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 11 പ്രാവശ്യവും യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 29.05.2020 ന് ചേർന്ന യോഗ തീരുമാനങ്ങൾ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. 3/2020ലെ വരവ്-ചെലവ് 20.04.2020 നം, 7/2020ലെ വരവ്-ചെലവ് 19.08.2020 നം, 1/2021ലെ വരവ്-ചെലവ് 12.02.2021 നം ആണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചത്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-21സാമ്പത്തിക വർഷം ഒരു തവണ മാത്രമാണ് ചേർന്നത്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

കൺട്രോൾ ഓവർ അക്കൗണ്ട്

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാനുവൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. ജേർണൽ വൗച്ചറുകൾ പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജേണൽ വൗച്ചറുകൾക്ക് ആധാരമായ രേഖകൾ, തെളിവുകൾ, ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ അധികാരപ്പെടുത്തലുകൾ, ജേർണലുകൾക്ക് ആധാരമായ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്നിവയും സൂക്ഷിച്ചിട്ടില്ല. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാനുവൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ്

ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൌണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. തൻവർഷം മെയിന്റനൻസ് ഫണ്ട് നോൺ റോഡ് രണ്ടാം ഗഡു അലോട്ട്മെന്റിൽ നിന്ന് സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്.

ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം

ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്. വസ്തു നികുതി പിരിവ്, ബാക്കി എന്നിവയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻവർഷം 76% നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

കൺട്രോൾ ഓവർ പ്രൊക്യൂർമെന്റ്.

ഗ്രമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-2021 വർഷത്തിൽ ആകെ മൂന്ന് തവണ യോഗം ചേർന്നിട്ടുണ്ട്.

സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം യഥാവിധി പാലിക്കുന്നില്ല. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ പേറോൾ

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പടുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, ലോൺരജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സുക്ഷിക്കുന്നില്ല. ഓരോ സെക്ഷനും പേഴ്സണൽ രജിസ്റ്റർ എഴുതി സുക്ഷിക്കേണ്ടതും ആയത് എല്ലാ മാസവും മേലധികാരിക്ക് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-10 റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല

2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ട് പരിശോധിച്ചതിൽ ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നാളിതുവരെയും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | പേര് | വാർഡ് | ഡോർ നമ്പർ | തുക |
|---|---|---|---|---|---|---|
| 1 | 04/04/2017 | 11703100060 | പി.അബ്ബാസ് | 2 | 69 | 4707 |
| 2 | 10/04/2017 | 11703100185 | പ്രസിഡന്റ് ബേക്കൽ ഇദാം ഉൽ ഇസ്ലാം | 1 | 330 | 226 |
| 3 | 12/04/2017 | 11703100283 | അമ്മരു | 14 | 131 | 102 |
| 4 | 27/05/2017 | 11703101382 | പി.എൻ.സുഹന്തിനി | 7 | 35 | 714 |
| 5 | 30/05/2017 | 11703101445 | റഫീക്ക്.എം.എ | 5 | 237 | 145 |
| 6 | 12/06/2017 | 11703101713 | കെ.വി.മുത്തു | 9 | 501Q | 337 |
| 7 | 13/06/2017 | 11703101803 | കെ.പ്രഭാകര | 16 | 284 | 100 |
| 8 | 13/06/2017 | 11703101804 | കെ.പ്രഭാകര | 16 | 285 | 65 |
| 9 | 26/08/2017 | 11703103537 | ഷെറീഫ മഹമ്മൂദ് | 22 | 239 | 63 |
| 10 | 28/12/2017 | 11703106162 | ആമിന | 22 | 676 | 44 |
| 11 | 28/04/2018 | 118030100982 | അബ്ദുൾ റഹിമാൻ | 3 | 337 | 150 |
| 12 | 03/05/2018 | 118030101179 | പി.എസ്.അനന്തരാമ | 15 | 308 | 77 |
| 13 | 05/05/2018 | 118030101261 | കെ.എ.അബ്ദുൾ റഹിമാൻ | 14 | 474 | 208 |
| 14 | 05/05/2018 | 118030101262 | കെ.എ.അബ്ദുൾ റഹിമാൻ | 14 | 474A | 208 |
| 15 | 05/05/2018 | 118030101263 | കെ.എ.അബ്ദുൾ റഹിമാൻ | 14 | 476 | 208 |
| 16 | 05/05/2018 | 118030101264 | കെ.എ.അബ്ദുൾ റഹിമാൻ | 14 | 471 | 149 |
| 17 | 05/05/2018 | 118030101265 | കെ.എ.അബ്ദുൾ റഹിമാൻ | 14 | 473 | 149 |

| | | | | | | |
|---|---|---|---|---|---|---|
| 18 | 05/05/2018 | 118030101266 | കെ.എ.അബ്ദുൾ റഹിമാൻ | 14 | 472 | 8 |
| 19 | 29/05/2018 | 118030102173 | അബ്ബാസ് | 3 | 243 | 11 |
| 20 | 29/06/2018 | 118030103225 | ബാലകൃഷ്ണൻ നായർ | 8 | 175 | 37 |
| 21 | 22/09/2018 | 118030105721 | സുലേഖ | 1 | 710B | 199 |
| 22 | 29/09/2018 | 118030105952 | രാജേന്ദ്രൻ നമ്പ്യാർ | 6 | 464 | 220 |
| 23 | 29/12/2018 | 118030108443 | ബി.മോഹനൻ | 12 | 51 | 329 |
| 24 | 01/01/2019 | 118030108678 | കൃഷ്ണൻ നായർ.എം | 9 | 61 | 204 |
| 25 | 02/02/2019 | 118030110391 | സി.എച്ച്.മുഹമ്മദ് കുഞ്ഞി | 9 | 350E | 2556 |
| 26 | 05/03/2019 | 118030111478 | എം.സി.അബൂബക്കർ | 4 | 71 | 160 |
| 27 | 16/03/2019 | 118030111871 | ഖാദർ | 18 | 467 | 57 |
| 28 | 30/03/2019 | 118030112574 | കെ.ചന്ദ്രൻ | 8 | 416 | 373 |
| 29 | 11/04/2019 | 119030100245 | അബ്ദുള്ള ഹാജി | 13 | 82 | 479 |
| 30 | 25/05/2019 | 119030101215 | ഈശ്വര ഭാസഗ്ഗമണ | 9 | 33 | 71 |
| 31 | 20/06/2019 | 119030101941 | പി.എം.അന്തുക്ക ഹാജി | 17 | 303 | 29 |
| 32 | 31/12/2019 | 119030107716 | ബീഫാത്തുമ്മ | 1 | 388 | 333 |
| 33 | 01/01/2020 | 119030107781 | ഷെയിക്ക് അബ്ദുൾഖാദർ സാഹിബ് | 3 | 120 | 95 |
| 34 | 04/01/2020 | 119030107943 | ബാലകൃഷ്ണൻ നായർ | 8 | 458 | 251 |
| 35 | 15/01/2020 | 119030108555 | റുക്കിയ | 7 | 533A | 392 |
| 36 | 04/02/2020 | 119030109462 | ബി.എ. മുഹമ്മദ് ഷാഫി | 18 | 163 | 769 |
| 37 | 28/02/2020 | 119030110437 | ടി.സാലിഹ് | 21 | 215 | 304 |
| 38 | 05/03/2020 | 119030110779 | മൊയ്തു | 18 | 454 | 35 |
| 39 | 11/03/2020 | 119030110989 | കാരിച്ചേരി രാധ | 13 | 263A | 833 |
| 40 | 19/03/2020 | 119030111444 | കെ.കുഞ്ഞിരാമൻ | 10 | 371 | 467 |
| 41 | 19/03/2020 | 119030111494 | നിസാർ.എ.ബി | 6 | 86F | 474 |
| 42 | 13/05/2020 | 120030100109 | സജിത്ത് കുമാർ.കെ.പി | 7 | 478D | 471 |
| 43 | 29/05/2020 | 120030100475 | അനിൽ കുമാർ.വി | 7 | 390A | 360 |
| 44 | 02/07/2020 | 120030101545 | പി.ഖാലിദ് | 19 | 280 | 1243 |
| 45 | 27/07/2020 | 120030102027 | ജസീല | 1 | 152 | 320 |
| 46 | 29/07/2020 | 120030102092 | എം.എച്ച്.സൈറ | 2 | 477 | 320 |
| 47 | 07/09/2020 | 120030102468 | നാരായണൻ | 16 | 223A | 105 |
| 48 | 15/09/2020 | 120030102640 | ടി.പി.മൂസ | 16 | 195A | 674 |
| 49 | 19/11/2020 | 120030104191 | കെ.വി.മൊയ്തു | 14 | 310 | 402 |
| 50 | 03/12/2020 | 120030104576 | ഹഫ്സത്ത്.പി | 19 | 86B | 338 |
| 51 | 18/12/2020 | 120030104831 | ഷെറീഫ്.പി | 18 | 302 | 238 |
| 52 | 15/02/2021 | 120170100506 | പി.എം.ടി.അബ്ദുൾ റഹിമാൻ | 1 | 42 | 1465 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 02,24/01/2022, നമ്പർ 15, 29/01/2022, നമ്പർ 35, 2/02/2022 എന്നിവയ്ക്ക് റദ്ദാക്കിവരുന്ന സാംഖ്യ രശീതികൾ ഫ്രണ്ടോഫീസിൽ നിന്ന് റദ്ദ് ചെയ്യുന്ന സമയത്ത് തന്നെ ഓട്ടോമാറ്റിക്കായി സഞ്ചയയിലും ക്യാൻസൽ ചെയ്യുന്നതിനുള്ള സജ്ജീകരണം നിലവിൽ ഇല്ലായെന്നും ഇത് സംബന്ധിച്ച് ഐ.കെ.എം. ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതും സഞ്ചയ പ്യൂരിഫിക്കേഷന് വേണ്ടി ഓപ്പൺ ചെയ്ത് തരുന്ന മുറയ്ക്ക് അപാകത പരിഹരിക്കുന്നതാണെന്നും മറുപടി ലഭിച്ചു.

ഇത്തരത്തിൽ സാംഖ്യയിൽ റദ്ദാക്കുകയും സഞ്ചയയിൽ നിലനിൽക്കുകയും ചെയ്യുന്നത് വരവിനത്തിൽ പൊരുത്തക്കേടുണ്ടാവുകയും പഞ്ചായത്തിന്റെ വരവിനത്തിനെ ഇത് ബാധിക്കുകയും ചെയ്യുന്ന സ്ഥിതി ഉണ്ടാകുന്നതുമാണ്. ആയതിനാൽ തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 ഔട്ട് ഡോർ കളക്ഷൻ തുക സഞ്ചയയിൽ ഒടുക്കവരുത്തുന്നതിൽ കൃത്യതയില്ല

A) 2020-21 സാമ്പത്തിക വർഷത്തിൽ ചുവടെ പറയുന്ന രസീത് ബുക്ക് പ്രകാരം വസ്തു നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയെക്കാൾ അധികം തുക സഞ്ചയയിൽ വരവുവച്ചിരിക്കുന്നു.

| ക്രമ നം. | ബുക്ക് നമ്പർ | രസീത് നമ്പർ | ആകെ നികുതി (പിഴപലിശ, നോട്ടീസ് ഫീ ഉൾപ്പെടെ) | വസ്തുനികുതി ഇനത്തിൽ വരവ് വയ്ക്കേണ്ടതുക | സഞ്ചയയിൽ വരവ് വച്ച തുക | അധികമായി വരവ് വച്ചത് |
|---|---|---|---|---|---|---|
| 1 | 6811 | 1 | 838 (NF-5) | 833 | 835 | 2 |
| 2 | 6789 | 11 | 56 (PI-2, NF-5) | 49 | 57 | 8 |
| 3 | 6789 | 15 | 471 (PI-9, NF5) | 457 | 467 | 10 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 6789 | 56 | 1936 | 1936 | 2006 | 70 |
| 5 | 6789 | 68 | 28 (NF-5) | 23 | 29 | 6 |
| 6 | 51461 | 10 | 9260 (PI-5) | 9255 | 9260 | 5 |
| 7 | 51461 | 11 | 1716 (PI-2) | 1714 | 1716 | 2 |
| 8 | 51461 | 81 | 446 (FINE-4, NF-5) | 437 | 446 | 9 |
| 9 | 51461 | 83 | 30 (FINE-1) | 29 | 391 | 362 |
| 10 | 51461 | 90 | 603 (FINE-11, NF-5) | 587 | 597 | 10 |
| 11 | 51461 | 94 | 92 (PI-3) | 89 | 92 | 3 |
| 12 | 6791 | 68 | 3755 | 3755 | 3760 | 5 |
| 13 | 6791 | 83 | 60 | 60 | 354 | 294 |
| 14 | 6791 | 100 | 4024 | 4024 | 4148 | 124 |
| 15 | 6788 | 43 | 881 | 881 | 949 | 68 |
| 16 | 6787 | 29 | 60 | 60 | 81 | 21 |
| 17 | 6787 | 39 | 603 | 603 | 1206 | 603 |
| 18 | 6787 | 75 | 370 | 370 | 373 | 3 |
| 19 | 6787 | 84 | 250 | 250 | 254 | 4 |
| 20 | 6785 | 1 | 984 | 984 | 1124 | 140 |
| 21 | 6785 | 82 | 278 | 278 | 553 | 275 |
| 22 | 6785 | 84 | 620 | 620 | 623 | 3 |
| 23 | 51459 | 85 | 366 | 366 | 461 | 95 |

B) വസ്തുനികുതി ഇനത്തിൽ ഈടാക്കിയ ചുവടെ പറയുന്ന തുക സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ബുക്ക് നമ്പർ | രസീത് നമ്പർ | ആകെ നികുതി (പിഴപലിശ, നോട്ടീസ് ഫീ ഉൾപ്പെടെ) | വസ്തുനികുതി ഇനത്തിൽ വരവ് വയ്ക്കേണ്ടതുക |
|---|---|---|---|---|
| 1 | 6804 | 100 | 126 (NF-5) | 121 |
| 2 | 6800 | 81 | 33 | 33 |
| 3 | 6797 | 50 | 708 | 708 |
| 4 | 6797 | 57 | 140 | 140 |
| 5 | 6787 | 41 | 637 | 637 |
| 6 | 6785 | 8 | 461 | 461 |
| 7 | 51459 | 50 | 620 | 620 |
| 8 | 51459 | 83 | 28 | 28 |

C) വസ്തു നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയെക്കാൾ കുറഞ്ഞ തുക സഞ്ചയയിൽ വരവുവച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നം. | ബുക്ക് നമ്പർ | രസീത് നമ്പർ | ആകെ നികുതി (പിഴപലിശ, നോട്ടീസ് ഫീ ഉൾപ്പെടെ) | വസ്തുനികുതി ഇനത്തിൽ വരവ് വയ്ക്കേണ്ടതുക | സഞ്ചയയിൽ വരവ് വച്ച തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | 51459 | 77 | 1268 | 1268 | 633 | 635 |
| 2 | 51459 | 79 | 929 | 929 | 464 | 465 |
| 3 | 51459 | 94 | 500 | 500 | 366 | 134 (രസീതിൽ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| 4 | 6788 | 19 | 6196 (PI-959, NF- 5) | 5232 | 4979 | 253 |

D) 2020-21 സാമ്പത്തിക വർഷത്തിൽ ചുവടെ പറയുന്ന രസീത് ബുക്കുകൾ പ്രകാരം വസ്തു നികുതിയിനത്തിൽ പിരിച്ചെടുത്ത തുക രണ്ട് കെട്ടിട നമ്പറുകളിൽ വരവ് വയ്ക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | ബുക്ക് നമ്പർ | രസീത് നമ്പർ | രസീത് പ്രകാരം ലഭിച്ച തുക (പിഴപലിശ, നോട്ടീസ് ഫീ | വസ്തുനികുതി ഇനത്തിൽ വരവ് വയ്ക്കേണ്ടതുക | സഞ്ചയയിൽ വരവ് വച്ച തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | ഉൾപ്പെടെ) | | |
| 1 | 6790 | 41 | 195 | 186 | 186 (12/1-A)<br>186 (14 /35-A) |
| 2 | 51457 | 82 | 4000 | 4000 | 4000 (18/378)<br>4000 (19/378) |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3, 25/01/2022, നമ്പർ 5, 28/01/2022, നമ്പർ 16, 29/01/2022 എന്നിവയ്ക്ക് അപാകത സഞ്ചയ പ്യൂരിഫിക്കേഷന് വേണ്ടി ഓപ്പൺ ചെയ്ത് തരുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. മേൽ അപാകത സംബന്ധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-12 ലൈബ്രറി സെസ് തുക ഒടുക്കുവരുത്തിയിട്ടില്ല

ലൈബ്രറി സെസിനത്തിൽ 2020-21 സാമ്പത്തിക വർഷം പഞ്ചായത്തിനു ലഭിച്ച തുക ഒടുക്കുവരുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | സാമ്പത്തിക വർഷാരംഭത്തിൽ ഒടുക്കുവാനുള്ള തുക 2019-20 (B9 ഷെഡ്യൂൾ പ്രകാരം ) | 2020-21 RP 36 ഷെഡ്യൂൾ പ്രകാരം തൻ വർഷ വരവ് | RP 29 ഷെഡ്യൂൾ പ്രകാരം തൻ വർഷം ഒടുക്കിയത് |
|---|---|---|---|
| 2020-21 | 588088 | 294036 | 588088 |

കേരള പബ്ലിക്ക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം) ആക്ട്, 1989 ലെ വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തു നികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. The Kerala Decentralisation Of Powers Act, 2000 (A Ct 16 Of 2000) പ്രകാരം ഈടാക്കിയ തുക മൂന്നു മാസത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ 2 % പിഴ ഒടുക്കേണ്ടതാണ്. സെക്രട്ടറിയും ചെയർപേഴ്സണും അത്തരത്തിലുള്ള വൈകലിന് ബാധ്യസ്ഥരായിരിക്കുന്നതാണ്. സർക്കുലർ നം 17263/L3/തസ്വഭവ തീയതി 29/12/2000 പ്രകാരം ഓരോ അർദ്ധ വർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ലൈബ്രറി സെസ് ഒടുക്കു വരുത്തുവാൻ കാലതാമസം ഉണ്ടാകുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമായി ഓഡിറ്റ് വിലയിരുത്തുന്നു. തുടർ വർഷങ്ങളിൽ ഇത്തരത്തിൽ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-13 ഗുണഭോക്തൃ വിഹിതം ഒടുക്കിയതിൽ കുറവ്

2020-21 സാമ്പത്തിക വർഷത്തിൽ വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ കറവ പശുക്കളുടെ കാലിത്തീറ്റ എന്ന പദ്ധതിക്കായി ചുവടെ പറയുന്ന രസീത് പ്രകാരമുള്ള ഗുണഭോക്തൃ വിഹിതം ഒടുക്കിയതിൽ 1380/- രൂപയുടെ കുറവു വന്നിട്ടുണ്ട്.

| ബുക്ക് നമ്പർ | രസീത് നമ്പർ | തീയതി | രസീത് പ്രകാരമുള്ള തുക | ഒടുക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| 6805 | 21 - 61 | 31/03/2021 | 56580<br>(41 X 1380) | 55200<br>(120170102975, 31/03/2021) | 1380 |

തുക ഒടുക്ക വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14 വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് ആയതിനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗ ക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച് ഈടാക്കുന്നുണ്ട്. എന്നാൽ 24.02.2015-ലെ സ.ഉ.(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ള ഉപയോഗക്രമങ്ങളുടെയും നികുതി നിരക്കുകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഉപയോഗക്രമം | കുറഞ്ഞനിരക്ക് | കൂടിയനിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 3 | കാർഷിക ആവശ്യത്തിനുള്ളവ | 0 | 0 |
| 4 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |
| 5 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി പഞ്ചായത്ത്

തീരുമാനമില്ലാതെ നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താതെ നികുതി നിർണ്ണയം നടത്തുന്നത് തെറ്റായ ഉപയോഗ ക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാകും. മേൽ ഉപയോഗ ക്രമത്തിന് പഞ്ചായത്ത് തീരുമാനമില്ലാതെ നിശ്ചയിച്ച് വസ്തുനികുതി നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 31/01.02.2022) ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-15 തൊഴിൽ നികുതി പൊതു അപാകതകൾ.

2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്ഥാപനത്തിലെ ഓഫീസ് മേധാവി/സ്ഥാപന ഉടമ സമർപ്പിക്കുന്ന റിട്ടേൺസ് എന്നീവ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതകൾ ചുവടെ കൊടുക്കുന്നു.

1) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധ വാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | കോഹിനൂർ വുഡ് ഇന്റസ്ട്രീസ് | 2020-21 ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | കല്ലിങ്കാൽ ഹോമിയോ ക്ലിനിക് | 2020-21 ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | ഉദുമ – പനയാൽ കോ-ഓപ്പറേറ്റീവ് അർബൻ സൊസൈറ്റി | 2020-21 ഒന്നും,രണ്ടും അർദ്ധവർഷം |
| 4 | അക്കൗണ്ട്സ് ഓഫീസർ ബി.എസ്.എൻ.എൽ. കണ്ണൂർ | 2020-21ഒന്നും,രണ്ടും അർദ്ധവർഷം |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. ഓഡിറ്റ് എൻക്വയറി നം. 18 തീയ്യതി 31.01.2022 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന്, പ്രസ്തുത സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ലെങ്കിൽ തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ പിന്നീട് അറിയിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204(ii)എ (l) വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് താമസക്കാരായ ചുവടെ ചേർത്ത അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | തൊഴിൽ നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | പ്രദ്യുമ്ന ബി.കെ. മുദിയക്കാൽ, ബേക്കൽ പി.ഒ. | 2020-21 ഒന്നും,രണ്ടും |

| | | |
|---|---|---|
| | പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | അർദ്ധവർഷം. |
| 2 | യൂസഫ് പി, പള്ളിപ്പുഴ, പള്ളിക്കര, ബേക്കൽ, ഫോർട്ട്, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2020-21 ഒന്നം,രണ്ടും അർദ്ധവർഷം. |
| 3 | ബോവാസ് @ ചന്ദ്രബോസ് , മഠത്തിൽ, പള്ളിക്കര ബേക്കൽഫോർട്ട് പി.ഒ., പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ | 2020-21 ഒന്നം,രണ്ടും അർദ്ധവർഷം. |
| 4 | ടി.എം.അബ്ദുൾ നാസർ, തായൽതൊട്ടി ഹൗസ് പള്ളിക്കര, ബേക്കൽഫോർട്ട്, പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ | 2020-21 ഒന്നം,രണ്ടും അർദ്ധവർഷം. |
| 5 | അനിൽ,കുന്നൂച്ചി, പനയാൽ , പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2020-21 ഒന്നം,രണ്ടും അർദ്ധവർഷം. |
| 6 | മണികഠൻ പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2020-21 ഒന്നം,രണ്ടും അർദ്ധവർഷം. |
| 7 | ഷഷാദ്,കീക്കാനം, പൂച്ചക്കാട്, പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ | 2020-21 ഒന്നം,രണ്ടും അർദ്ധവർഷം. |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന നോട്ടീസ് നൽകി തുക ഈടാക്കുന്നതിനുള്ള സ്വീകരിക്കുന്നതാണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടി പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 18 തീയ്യതി 31.01.2022)

3)ശാരീരിക അവശത സ്ഥിതീകരിക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല

2020-21 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി പരിശോധനയിൽ ഹാജരാക്കിയ റിട്ടേണുകൾ പരിശോധിച്ചതിൽ ചില ജീവനക്കാർക്ക് ശാരീരിക അവശത ഉണ്ടെന്ന കാരണത്താൽ നികുതി അടവാക്കുന്നതിൽ ഇളവ് നൽകിയതായി കാണുകയുണ്ടായി. എന്നാൽ ശാരീരിക അവശത സ്ഥിതീകരിക്കുന്നതിനായുള്ള രേഖകൾ റിട്ടേൺസിനൊപ്പം ചേർത്തു വെച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം |
|---|---|---|
| 1 | ഗോവിന്ദൻ ടി.വി., പി.ടി.എസ്. | വെറ്റിനറി ഡിസ്പെൻസറി തച്ചങ്ങാട് |
| 2 | ലതിക കെ.വി., അഗ്രിക്കൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് -11 | കൃഷി ഭവൻ,പള്ളിക്കര |
| 3 | സി.വി.സുരേഷ്, ക്ലാർക്ക് | പനയാൽ സർവ്വീസ് സഹകരണ ബാങ്ക് |
| 4 | പ്രവീൺ സി.പി.,ക്ലാർക്ക് | മാനേജർ,കേരള സ്റ്റേറ്റ് ബീവറേജ് കോർപ്പറേഷൻ |
| 5 | സജിത കെ. പി.ടി.എസ്. | പനയാൽ സർവ്വീസ് സഹകരണ ബാങ്ക് |

മേൽ ജീവനക്കാരിൽ നിന്നും ശാരീരിക അവശത സ്ഥിതീകരിക്കുന്നതിനായുള്ള രേഖകൾ 2021-22 രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി ഈടാക്കുന്ന സമയത്ത് സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നുള്ള ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടി പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 18 തീയ്യതി 31.01.2022)

4)ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് നിയമം 204(11)എ(1)പ്രകാരം 60 ദിവസമോ അതിൽ കൂടുതലോ ഒരു അർദ്ധവർഷം തദ്ദേശ സ്വയം ഭരണ സ്ഥാപന പരിധിയിൽ ജോലി /തൊഴിൽ ചെയ്ത വ്യക്തി തൊഴിൽ നികുതിക്ക് വിധേയനാകും. പള്ളിക്കര ഗ്രാമ പഞ്ചായത്ത് പരിധിയിലെ സർക്കാർ /അർദ്ധസർക്കാർ /കേന്ദ്ര സർക്കാർ /പൊതു മേഖലാ സ്ഥാപനങ്ങൾ /ബിസ്സിനസ് സ്ഥാപനങ്ങൾ, ഓഫീസുകളിൽ ജോലി ചെയ്ത താഴെപറയുന്ന ഉദ്യോഗസ്ഥർ 2020-21 ഒന്നും,രണ്ടും അർദ്ധവർഷത്തിൽ തൊഴിൽ നികുതി ഒടുക്കേണ്ട അർദ്ധവർഷങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്.തുടർന്ന് ഈ ഉദ്യോഗസ്ഥർ പഞ്ചായത്തിൽ തൊഴിൽ നികുതി അടക്കാതെ സ്ഥലം മാറി മറ്റ് പ്രദേശങ്ങളിലേക്ക് പോയി കാണുന്നു.എന്നാൽ മറ്റ് സ്ഥലങ്ങളിൽ 2020-21 ഒന്നും,രണ്ടും അർദ്ധവർഷം അവർ തൊഴിൽ ചെയ്ത കാലയളവ് 60 ദിവസത്തിൽ കുറവായതിനാൽ സ്വാഭാവികമായും അവിടെ തൊഴിൽ നികുതി ഒടുക്കേണ്ടിവരില്ല ഇക്കാര്യം പരിശോധിച്ച് പ്രസ്തുത ഉദ്യോഗസ്ഥർ 2020-21 ഒന്നും, രണ്ടും അർദ്ധവർഷം നിയമപ്രകാരം ഒടുക്കേണ്ട തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും, പള്ളിക്കര ഗ്രാമ പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്ത കാലയളവിലെ വരുമാനം ഒഴിവാക്കിയാണ് തൊഴിൽ നികുതി പുതിയ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ഒടുക്കിയിട്ടുള്ളതെങ്കിൽ ഈ കാലയളവിലെ വരുമാനം കണക്കാക്കി തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പേര് / ഉദ്യോഗപേര് | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | ഹാഷിർ പി.കെ. പി.എ | പോസ്റ്റ് മാസ്റ്റർ, കാഞ്ഞങ്ങാട് | 2020-21<br>ഒന്നാം അർദ്ധവർഷം |
| 2 | ഗണേശ കെ. ABPM | പോസ്റ്റ് മാസ്റ്റർ,കാഞ്ഞങ്ങാട് | 2020-21<br>ഒന്നാം അർദ്ധവർഷം |
| 3 | സി.എച്ച്.സൈനുദ്ദീൻ | പോസ്റ്റ് മാസ്റ്റർ,കാഞ്ഞങ്ങാട് | 2020-21<br>രണ്ടാം അർദ്ധവർഷം |
| 4 | ബീന.കെ.വി<br>ലാബ് അസിസ്റ്റന്റ് | ബി.എം ഡയഗ്നോസ്റ്റിക്<br>മെഡിക്കൽ ലബോറട്ടറി | 2020-21<br>രണ്ടാം അർദ്ധവർഷം |

തൊഴിൽ പരിശോധനയിൽ കണ്ടെത്തിയ മേൽ അപാകതകൾക്ക് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 18 തീയ്യതി 31.01.2022) ഓഡിറ്റ് എൻക്വയറി നം.18/31.01.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല.

1-16 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.0009/21

അടങ്കൽ- 68,165/-രൂപ – ടി.എസ്.പി

3,435/- തനത് ഫണ്ട്

ആകെ - 71,600/-രൂപ.

ചെലവ് - 71,600/-രൂപ (68,165+3,435)

1.ബിൽ നം.06/2020-21/21.10.2020 – 44,750/-രൂപ

2.ബിൽ നം.13/2020-21/17.2.2021 – 23,415/-രൂപ

3.വൗച്ചർ നം.220001016/24.2.2021 – 3,435/-രൂപ

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി 24.9.2020 ൽ നം.എ.എസ്-9/2020-21 പ്രകാരം ക്വട്ടേഷൻ ക്ഷണിക്കുകയും 5.10.2020 ൽ ഐശ്വര്യ എന്റർപ്രൈസസ് കാഞ്ഞങ്ങാട് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. ക്വട്ടേഷനിൽ രേഖപ്പെടുത്തിയ വില താഴെ പറയുന്നു.

1.സ്റ്റീൽ ടേബിൾ - 3600/-രൂപ

2.ഫൈബർ ആം ചെയർ - 875/-രൂപ

19.10.2020 ന് കത്ത് നം. എ.എസ്-9/2020 പ്രകാരം സപ്ലൈ ഓർഡർ നൽകി. ഇൻവോയ്സ് നം.1065/20.10.2020, ഇൻവോയ്സ് നം.2010/15.2.2021 എന്നിവ പ്രകാരം 16 സ്റ്റീൽ ടേബിൾ, 16 ഫൈബർ ആം ചെയർ എന്നിവ സ്ഥാപനം വിതരണം ചെയ്തു. മേൽ 3 ബില്ലുകൾ പ്രകാരം ആകെ 71,600/-രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം. 74790200000023. ഫർണിച്ചറുകൾ താഴെപ്പറയും പ്രകാരം വിതരണം ചെയ്തു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | ക്ലാസ്സ്, സ്കൂൾ | ആധാർ നം. |
|---|---|---|---|
| 1 | പ്രബിത്ത്കുമാർ.ബി.പി | 7th Std. ജി.എച്ച്.എസ്.എസ്. പാക്കം | 858740071453 |
| 2 | ശ്രീനിധി.കെ | 4th Std.ജി.എച്ച്.എസ്.എസ്.പാക്കം | 483310667035 |
| 3 | തീർത്ഥ.എസ് | 5th Std. ജി.എച്ച്.എസ്.എസ്. പാക്കം | 893409808260 |
| 4 | വൃന്ദ.ആർ | 5th Std. ജി.എച്ച്.എസ്.എസ്. പെരിയ | 769942173061 |
| 5 | ആര്യനന്ദ.എം | 5th Std. SMAUPS പനയാൽ | 561179204155 |
| 6 | പ്രണവ്യ.കെ | 5th Std. ജി.എച്ച്.എസ്.എസ്. പാക്കം | 470699868362 |
| 7 | ജിഷ്ണു.ഡി.ജി | 6th Std. ജി.എച്ച്.എസ്. തച്ചങ്ങാട് | 360108244255 |
| 8 | ശ്രീഹരി.പി | 5th Std. ജി.എച്ച്.എസ്. തച്ചങ്ങാട് | 668186431095 |
| 9 | ശരത് കൃഷ്ണ.ബി | 5th Std. ജി.എച്ച്.എസ്. തച്ചങ്ങാട് | 993785076093 |
| 10 | ശ്രേയസ്സ് ചന്ദ്രൻ | 3rd Std. എസ്.എം.എ.യു.പി.എസ്. പനയാൽ | 594442447675 |
| 11 | മന്യശ്രീ.പി | 7th Std. എസ്.എം.എ.യു.പി.എസ്. പനയാൽ | 610816737306 |
| 12 | അശ്വിനി.പി | 5th Std. എസ്.എം.എ.യു.പി.എസ്. പനയാൽ | 669341634995 |
| 13 | ആദർശ്.എം | 6th Std ജി.എഫ്.എച്ച്.എസ്.എസ്. ബേക്കൽ | 950846450348 |
| 14 | അനിരുദ്ധ്.എം | 8th Std. ജി.എഫ്.എച്ച്.എസ്.എസ്. ബേക്കൽ | 671541762598 |
| 15 | ജിഷ്ണു.എം | 4th Std. എസ്.എം.എ.യു.പി.എസ്. പനയാൽ | 660626421325 |
| 16 | ദിൽജിത് കുമാർ.ബി.പി | 5th Std. ജി.എച്ച്.എസ്.എസ്.പാക്കം | 250064629773 |

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ക്രമ നം.(7) ജിഷ്ണ എന്ന വിദ്യാർത്ഥിയുടെ ജാതി സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, ആധാർ എന്നിവയിൽ പേര് ജിഷ്ണ ഡി.ജി. എന്നാണ് എന്നാൽ അംഗീകൃത ഗുണഭോക്തൃ പട്ടിക, അപേക്ഷ, കൈപ്പറ്റ് രശീത് എന്നിവയിൽ പേര് ജിഷ്ണ എം. എന്നാണ് എഴുതിയിട്ടുള്ളത്. ഈ രണ്ട് പേരുകളും ഒരേ വിദ്യാർത്ഥിയുടെ തന്നെയാണോ എന്നതിന് ആധാരമായി രേഖകൾ ഇല്ല.

ഓഡിറ്റ് എൻക്വയറി നം.07/29.1.2022 പ്രകാരം ഇതിന് വിശദീകരണം ചോദിച്ചതിന് 31.1.2022 ന് മറുപടി നൽകിയിട്ടുണ്ട്. ക്രമ നം.(2) ന് അപേക്ഷാഫോറം പൂരിപ്പിച്ചതിൽ വന്ന അപാകതയാണെന്നും തെറ്റ് തിരുത്തി ഭരണസമിതിയുടെ സാധൂകരണം വാങ്ങാൻ നടപടി സ്വീകരിക്കും എന്നാണ് മറുപടി നൽകിയിരിക്കുന്നത്. ഈ മറുപടി അംഗീകരിക്കുന്നില്ല, ഗുണഭോക്തൃ പട്ടിക, അപേക്ഷ, കൈപ്പറ്റ് രശീത് എന്നിവയിലെ കുട്ടിയും ജിഷ്ണ ഡി.ജി. എന്ന കുട്ടിയും ഒരേ ആൾ തന്നെയാണ് എന്നതിന് ആധാരമായ രേഖകൾ ഹാജരാക്കേണ്ടതാണ്. അതുവരെ ഈ കുട്ടിക്ക് വേണ്ടി ചെലവഴിച്ച 4475/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-17 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്റ്റ് നം.0007/21

അടങ്കൽ- 1,50,000/-രൂപ – എസ്.സി.പി.

ചെലവ് - 1,37,300/-രൂപ

ബിൽ നം.17/2020-21/3.3.2021 – 1,37,300/-രൂപ

ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക് നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകളിൽ സർക്കാർ /എയ്ഡഡ് /സ്വാശ്രയ സ്ഥാപനങ്ങൾ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലാപ് ടോപ്പ് വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി.

കെൽട്രോണിൽ നിന്ന് നേരിട്ട് ലാപ് ടോപ്പ് വാങ്ങി നൽകുകയാണ് ചെയ്തത്. കെൽട്രോൺ ഐ.ടി.ബിസിനസ്സ് ഗ്രൂപ്പ്, തിരുവനന്തപുരം സമർപ്പിച്ച 22.2.2021 ലെ നം.TVM/ ITBG/ PI/RC/ 21506/ 20-21 പ്രഫോർമ ഇൻവോയ്സ് പ്രകാരമാണ് പർച്ചേസ് നടത്തിയത്. ഇത് പ്രകാരം ഒരു ലാപ് ടോപ്പിന്റെ വില 27,460/- രൂപയാണ്. ഡെലിവറി ചെലാൻ നം.10982/ 20-21/ തിയ്യതി -24.3.2021 പ്രകാരം കെൽട്രോൺ തിരുവനന്തപുരം 5 ലാപ് ടോപ്പുകൾ നൽകി. ബിൽ നം.17/2020-21/ 3.3.2021 പ്രകാരം 1,37,300/- രൂപ കെൽട്രോണിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം. 799011400003959/ ട്രഷറി അക്കൗണ്ട്). ലാപ് ടോപ്പുകൾ താഴെപ്പറയും പ്രകാരം വിതരണം ചെയ്തു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന സ്ഥാപനം കോഴ്സ് | ആധാർ നം. |
|---|---|---|---|
| 1 | അനുപമ.ബി<br>D/O ബാബു.കെ<br>പനയാൽ, ബേക്കൽ | ബി.എ. മലയാളം മൂന്നാം വർഷം<br>ഗവ.കോളേജ്, കാസറഗോഡ് | 441147651010 |
| 2 | അശ്വിൻ.എ<br>D/O രവീന്ദ്രൻ. എ | ബികോം മൂന്നാം വർഷം<br>ഗവ.ആർട്സ് &സയൻസ് കോളേജ്, ഉദുമ | 285202038295 |

| | | | |
|---|---|---|---|
| | ത്രയമ്പകം ഹൗസ്, അടുക്കം | | |
| 3 | രഞ്ജിത്.ടി.ജി<br>S/O ബേബി<br>കോട്ടക്കുന്ന്,<br>ബേക്കൽ ഫോർട്ട് | Diploma In Computer Application Course-LBS Sub Centre, Kasaragod<br>1year Course. | 482014575145 |
| 4 | അഭിഷേക്.വി, S/O സൗദാമിനി.വി<br>രജനി നിലയം, പാക്കം | ബി.എസ്.സി. രണ്ടാം വർഷം, പോളിമർ കെമിസ്ട്രി<br>നെഹ്റു ആർട്സ് & സയൻസ് കോളേജ്, കാഞ്ഞങ്ങാട് | 980110206660 |
| 5 | ധന്യ എം. D/O ഉഷാകുമാർ.എം<br>മഠത്തിൽ ഹൗസ്, പള്ളിക്കര | I Year Electrical & Electronics Engg. Diploma Course, ഗവ.പോളിടെക്ക്നിക്ക് കോളേജ്, കാസറഗോഡ് | 207560888232 |

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.ഈ പദ്ധതിക്കായി കെൽട്രോൺ ഐ.ടി.ബിസിനസ്സ് ഗ്രൂപ്പ്, തിരുവനന്തപുരം സമർപ്പിച്ച 22.2.2021 ലെ നം.TVM/ITBG/PI/RC/21506/20-21 പ്രഫോർമ ഇൻവോയ്സ് പ്രകാരമാണ് പർച്ചേസ് നടത്തിയത്. പ്രഫോർമ ഇൻവോയ്സിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2.കെൽട്രോൺ ഐ.ടി.ബിസിനസ്സ് ഗ്രൂപ്പ്, തിരുവനന്തപുരം ലാപ് ടോപ്പ് വിതരണം ചെയ്ത് സമർപ്പിച്ച 1,37,000/-രൂപയുടെ ഇൻവോയ്സ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.ക്രമ നം.(3) രഞ്ജിത്.ടി.ജി, S/O ബേബി, കോട്ടക്കുന്ന്, ബേക്കൽ ഫോർട്ട് എന്ന വിദ്യാർത്ഥി പഠിക്കുന്ന കോഴ്സ് LBS Sub Centre, Kasaragod നടത്തുന്ന Diploma In Computer Application Course (DCA) എന്ന ഒരു വർഷത്തെ കോഴ്സ് ആണ്. ഇത് പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള കോഴ്സുകളിൽ ഉൾപ്പെടുന്നില്ല. ഈ വിദ്യാർത്ഥി പദ്ധതി പ്രകാരം ലാപ് ടോപ്പിന് അർഹനല്ല. വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.09/29.1.2022 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് 31.1.2022 ന് മറുപടി നൽകിയിട്ടുണ്ട്. ക്രമ നം.(1) ന് CPCRS പോർട്ടലിൽ നിന്നാണ് വാങ്ങിയത്, 15.6.2020ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിന് ഭരണസമിതി അംഗീകാരം നൽകി എന്നുമാണ് മറുപടി. അംഗീകരിച്ച രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ക്രമ നം.(2) ന് ഇൻവോയ്സ് ഹാജരാക്കിയിട്ടുണ്ട്. അതിനാൽ ഈ രണ്ട് തടസ്സങ്ങളും ഒഴിവാക്കി.

ക്രമ നം.(3) ന് മറുപടി നൽകിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള കോഴ്സുകളിൽ ഉൾപ്പെടാത്തതിനാൽ രഞ്ജിത് ടി.ജി., S/O ബേബി, കോട്ടക്കുന്ന്, ബേക്കൽ ഫോർട്ട് എന്ന വിദ്യാർത്ഥി പദ്ധതി പ്രകാരം ലാപ് ടോപ്പിന് അർഹനല്ല. ഈ വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് നൽകുന്നതിന് ചെലവഴിച്ച 27400/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

1-18 പട്ടിക വർഗ്ഗ യുവതികൾക്ക് വിവാഹ ധനസഹായം- അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.0005/21

1.അടങ്കൽ- 6,50,000/-രൂപ – ടി.എസ്.പി.

ചെലവ് - 1,37,300/-രൂപ

2.അടങ്കൽ - 50,000/-രൂപ - തനത് ഫണ്ട്

ചെലവ് - 50,000/-രൂപ

1.ബിൽ നം.01/2020-21/10.7.2020 – 3,00,000/-രൂപ

2.ബിൽ നം.11/2020-21/12.2.2021 – 3,50,000/-രൂപ

3.വൗച്ചർ നം.220001015/24.2.2021 – 50,000/-രൂപ

പട്ടിക വർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി 1,00,000/- രൂപ നൽകാനുള്ളതാണ് ഈ പദ്ധതി. വിവാഹത്തിന് 15 ദിവസം മുമ്പോ, വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ നൽകിയിരിക്കണം. 2020-21 വർഷത്തിൽ 7 ഗുണഭോക്താക്കൾക്ക് പള്ളിക്കര ഗ്രാമ പഞ്ചായത്തിൽ നിന്നും വിവാഹ ധനസഹായം നൽകുന്നതിന് ആകെ 7,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകയുടെ പേര് | അപേക്ഷ തിയ്യതി | വിവാഹം കഴിക്കുന്ന മകളുടെ പേര് /വിവാഹ തിയ്യതി | അനുവദിച്ച തുക |
|---|---|---|---|---|
| 1 | വിശാലാക്ഷി.എം കരുവാക്കോട് കോളനി, പാക്കം | 3.4.2019 | കെ.ശകുന്തള, 6.1.2019 | 1,00,000/- രൂപ |
| 2 | ശാരദ.എം W/O കല്ലളൻ.എൻ ചെറക്കാപ്പാറ, പാക്കം | 15.4.2019 | സജിത.എം, 7.4.2019 | 1,00,000/- രൂപ |
| 3 | ലീല.എം W/O രാമൻ.എം ചെറക്കാപ്പാറ, പാക്കം | 15.5.2019 | മിനി.സി.ആർ 22.12.2019 | 1,00,000/- രൂപ |
| 4 | ശോഭ W/O നാരായണൻ.വി വെള്ളുത്തോളി കോളനി പനയാൽ | 7.9.2020 | നീന.വി 12.1.2020 | 1,00,000/- രൂപ |
| 5 | മീനാക്ഷി.എച്ച് W/O നാരായണൻ.ബി വെള്ളുത്തോളി ഹൗസ്, പാക്കം | 3.6.2020 | സുജിത.എൻ 16.2.2020 | 1,00,000/- രൂപ |
| 6 | ഓമന.കെ D/O നാർക്കളൻ കരുവാക്കോട് കോളനി പാക്കം | 9.9.2020 | കാവ്യ.കെ 1.6.2020 | 1,00,000/- രൂപ |
| 7 | കല്യാണി.സി W/O ബാലൻ.സി.പി ചെറക്കാപ്പാറ, പാക്കം | 30.8.2020 | കാവ്യ.സി.പി 30.11.2020 | 1,00,000/- രൂപ |

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകത കണ്ടെത്തിയിട്ടുണ്ട്.

24.9.2020 ലെ ഭരണസമിതി തീരുമാനം നം.1/1/20 (5) പ്രകാരം ഈ പദ്ധതിയുടെ 7 പേരുള്ള അന്തിമ ഗുണഭോക്തൃ പട്ടിക അംഗീകരിച്ചിട്ടുണ്ട്. അത് പ്രകാരം ധനസഹായം ലഭിക്കേണ്ടവർ താഴെപ്പറയുന്നവരാണ്.

1.ശോഭ, W/O നാരായണൻ, വെളുത്തോളി

2.മീനാക്ഷി.എച്ച്,W/O നാരായണൻ, വെളുത്തോളി

3.കല്യാണി, W/O ബാലൻ, ചെറക്കാപ്പാറ

4.ഓമന.കെ, D/O നാർക്കളൻ, കരുവാക്കോട്

5.ജയ, W/O ഗോവിന്ദൻ, മാപ്പിലങ്ങാട്

6.വെള്ളച്ചി,W/O നരമ്പൻ, കുരവാക്കോട്

7.നാരായണി, D/Oബാലൻ, ചെറക്കാപ്പാറ

ഈ പട്ടികയിലുള്ള ആദ്യ 4 പേർക്കാണ് വിവാഹ ധനസഹായം ലഭിച്ചിരിക്കുന്നത്. ബാക്കി 3 പേർക്ക് പകരം 1.വിശാലാക്ഷി, 2.ശാരദ, 3. ലീല എന്നീ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്തവർക്ക് വിവാഹ ധനസഹായം അനുവദിച്ചിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം.10/29.1.2022 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് 31.1.2022 ന് മറുപടി നൽകിയിട്ടുണ്ട്. വിശാലാക്ഷി, ശാരദ, ലീല എന്നിവർ 2019-20 ലെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവരാണെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലം ആ വർഷം ആനുകൂല്യം നൽകാൻ കഴിഞ്ഞില്ല, അതിനാൽ 2020-21 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകി എന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. ഈ മറുപടി അംഗീകരിക്കുന്നില്ല. കാരണം കഴിഞ്ഞ വാർഷിക പദ്ധതി രൂപീകരിക്കുന്ന സമയത്ത് ആവശ്യമായ ഫണ്ട് വകയിരുത്താത്തതിനാലാണ് 3 പേർക്ക് ആനുകൂല്യം നൽകാൻ കഴിയാത്തത്, അതിനാൽ 2020-21 വാർഷിക പദ്ധതി രൂപീകരിക്കുന്ന സമയത്ത് ആവശ്യമായ ഫണ്ട് വകയിരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കണമായിരുന്നു. 2020-21 ലെ അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ നിന്ന് 3 പേരെ ഒഴിവാക്കിയിട്ടല്ല കഴിഞ്ഞ വർഷം ബാക്കിയായവർക്ക് ആനുകൂല്യം നൽകേണ്ടത്. ഈ ഒഴിവാക്കിയവർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടോ എന്ന് വിശദീകരിക്കേണ്ടതാണ്.രേഖകൾ ഹാജരാക്കേണ്ടതാണ്. ഭാവിയിൽ പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം.130/21

അടങ്കൽ- 1,00,000/-രൂപ – തനത് ഫണ്ട്

ചെലവ് - 99,999/-രൂപ

വൗച്ചർ നം.22001183/ 22.3.2021 – 99,999/-രൂപ

പള്ളിക്കര ഗ്രാമ പഞ്ചായത്തിലെ രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകാനുള്ളതാണ് ഈ പദ്ധതി. ടി.ബി.എസ്. പബ്ലിഷേഴ്സ് ഡിസ്ട്രിബ്യൂട്ടേഴ്സ് കോഴിക്കോട് സമർപ്പിച്ച 30.1.2021 ലെ ടെണ്ടർ പ്രകാരമാണ് ഈ പദ്ധതിക്ക് പർച്ചേസ് നടത്തിയിരിക്കുന്നത്. 3.2.2021 ൽ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി. ബിൽ നം.2021/ GLR-123/ തിയ്യതി-15.3.2021 പ്രകാരം 43 വിവിധ സ്പോർട്സ് കിറ്റുകൾ സ്ഥാപനം വിതരണം ചെയ്തു. വൗച്ചർ നം.22001183/ 22.3.2021 പ്രകാരം 99,999/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം.2385261000297/ കാനറാ ബാങ്ക്). ഈ കിറ്റുകൾ താഴെപ്പറയും പ്രകാരം 43 ക്ലബ്ബുകൾക്ക് കൈമാറി.

| ക്രമ നം. | ക്ലബ്ബിന്റെ പേര് | കിറ്റ് |
|---|---|---|

| | | |
|---|---|---|
| 1 | ജനശക്തി സാംസ്കാരിക വേദി പൊടിപ്പളം | ഫുട്ബോൾ കിറ്റ് |
| 2 | മുഹമ്മദൻസ് സ്പോർട്ടിംഗ് ക്ലബ്ബ് മവ്വൽ | ക്രിക്കറ്റ് കിറ്റ് |
| 3 | ഗോൾഡ് ഹിൽ ഹദ്ദാദ് ആർട്സ് &സ്പോർട്സ് ക്ലബ്ബ്, ബേക്കൽ | ക്രിക്കറ്റ് കിറ്റ് |
| 4 | റൈസിംഗ് ആർട്സ് &സ്പോർട്സ് ക്ലബ്ബ് പാക്കം | ക്രിക്കറ്റ് കിറ്റ് |
| 5 | ഇ.എം.എസ് സാംസ്കാരിക സമിതി കൂട്ടക്കനി | ക്രിക്കറ്റ് കിറ്റ് |
| 6 | സ്പോർട്ടിംഗ് പറയങ്ങാനം ക്ലബ്ബ് പറയങ്ങാനം | ഫുട്ബോൾ കിറ്റ് |
| 7 | ചിയേഴ്സ് ക്ലബ്ബ്, കൂട്ടക്കനി | ക്രിക്കറ്റ് കിറ്റ് |
| 8 | രഞ്ജിനി കലാകായിക വേദി, കളിങ്ങോത്ത് | ഫുട്ബോൾ കിറ്റ് |
| 9 | മെൻഫോക് യങ് വേവ്സ് കൾച്ചറൽ സെന്റർ, മവ്വൽ | ക്രിക്കറ്റ് കിറ്റ് |
| 10 | ഫ്രണ്ട്സ് ആർട്സ് &സ്പോർട്സ് ക്ലബ്ബ്, അമ്പങ്ങാട് | ഫുട്ബോൾ കിറ്റ് |
| 11 | യുവജന സംഘം ആർട്സ് &സ്പോർട്സ് ക്ലബ്ബ്, ശക്തിനഗർ | ഫുട്ബോൾ കിറ്റ് |
| 12 | ഗ്രീൻ വാലി ആർട്സ് &സ്പോർട്സ് ക്ലബ്ബ്, ബേക്കൽ | ഷട്ടിൽ കിറ്റ് |
| 13 | എ.കെ.ജി കലാകേന്ദ്രം കരിച്ചേരി | കാരം ബോർഡ് |
| 14 | സൂര്യ ആർട്സ് &സ്പോർട്സ് ക്ലബ്ബ്,പാക്കം | ക്രിക്കറ്റ് കിറ്റ് |
| 15 | കല്ലിങ്കാൽ ആർട്സ് &സ്പോർട്സ് ക്ലബ്ബ്,കല്ലിങ്കാൽ | ഫുട്ബോൾ കിറ്റ് |
| 16 | ബ്രദേഴ്സ് സ്പോർട്സ് ക്ലബ്ബ്,ബേക്കൽ | ഫുട്ബോൾ കിറ്റ് |
| 17 | ഹാപ്പി ആർട്സ് &സ്പോർട്സ് ക്ലബ്ബ്,ബേക്കൽ കുന്നിൽ | ക്രിക്കറ്റ് കിറ്റ് |
| 18 | പ്രിയദർശിനി കലാകേന്ദ്രം, കരിച്ചേരി | ഫുട്ബോൾ കിറ്റ് |
| 19 | ഇ.എം.എസ് സാംസ്കാരിക സമിതി, പനയാൽ | ഫുട്ബോൾ കിറ്റ് |
| 20 | അക്ഷര ആർട്സ് &സ്പോർട്സ് ക്ലബ്ബ്, തെക്കേകുന്ന് | ഫുട്ബോൾ കിറ്റ് |
| 21 | യുവക് കലാകായിക കേന്ദ്രം പള്ളിപ്പുഴ | ഫുട്ബോൾ കിറ്റ് |
| 22 | ഫ്രണ്ട്സ് ചെഗുവേര സാംസ്കാരിക സമിതി, കാട്ടിയടുക്കം | ഫുട്ബോൾ കിറ്റ് |
| 23 | സംഘചേതന ആർട്സ് &സ്പോർട്സ് ക്ലബ്ബ്, കണ്ണംവയൽ | ഫുട്ബോൾ കിറ്റ് |
| 24 | യുവശക്തി ആർട്സ് &സ്പോർട്സ് ക്ലബ്ബ്,തോക്കാനം മൊട്ട | ഫുട്ബോൾ കിറ്റ് |
| 25 | ഇ.കെ നായനാർ ആർട്സ് &സ്പോർട്സ് ക്ലബ്ബ്,തോക്കാനം മൊട്ട | ഫുട്ബോൾ കിറ്റ് |
| 26 | വോയ്സ് ഓഫ് മവ്വൽ, മവ്വൽ | ഫുട്ബോൾ കിറ്റ് |
| 27 | ടൈറ്റാനിയം ആർട്സ് &സ്പോർട്സ് ക്ലബ്ബ്,തൊട്ടി | ക്രിക്കറ്റ് കിറ്റ് |
| 28 | ചെഗുവേര ആർട്സ് &സ്പോർട്സ് ക്ലബ്ബ്, ചെറക്കാപ്പാറ | ഫുട്ബോൾ കിറ്റ് |
| 29 | സഫ്ദർ ഹശ്മി ആർട്സ് &സ്പോർട്സ് ക്ലബ്ബ്,പനയാൽ | ഫുട്ബോൾ കിറ്റ് |
| 30 | യുവശക്തി ആർട്സ് &സ്പോർട്സ് ക്ലബ്ബ്,അരവത്ത് | വോളിബോൾ കിറ്റ് |
| 31 | ഫ്രണ്ട്സ് ഓഫ് ഇല്ല്യാസ് നഗർ, ബേക്കൽ | ക്രിക്കറ്റ് കിറ്റ് |
| 32 | സിങ്ങിംഗ് ഫ്രണ്ട്സ് അരവത്ത് മട്ടൈ | ഷട്ടിൽ കിറ്റ് |
| 33 | ഫ്രണ്ട്സ് കലാ കായിക കേന്ദ്രം, പാക്കം | ഫുട്ബോൾ കിറ്റ് |
| 34 | തരംഗം ആർട്സ് &സ്പോർട്സ് ക്ലബ്ബ്, ചെറക്കാപ്പാറ | വോളിബോൾ കിറ്റ് |
| 35 | ജ്യോതി ആർട്സ് &സ്പോർട്സ് ക്ലബ്ബ്, പാക്കം | വോളിബോൾ കിറ്റ് |
| 36 | ജ്വാല കരുവാക്കോട് | വോളിബോൾ കിറ്റ് |
| 37 | ഇ.കെ.നായനാർ കലാകായിക വേദി, പള്ളാരം | ഫുട്ബോൾ കിറ്റ് |
| 38 | കെ.വി രാധാകൃഷ്ണൻ മെമ്മോറിയൽ ആർട്സ് &സ്പോർട്സ് ക്ലബ്ബ്, പാക്കം | ക്രിക്കറ്റ് കിറ്റ് |
| 39 | ഫാസ്റ്റ് ആർട്സ് &സ്പോർട്സ് ക്ലബ്ബ്, ബേക്കൽ കുന്നിൽ | ക്രിക്കറ്റ് കിറ്റ് |
| 40 | സംഘചേതന കലാ കായിക കേന്ദ്രം, കുതിരക്കോട് | ഷട്ടിൽ കിറ്റ് |
| 41 | റെഡ് ഫൈറ്റേഴ്സ് ആർട്സ് &സ്പോർട്സ് ക്ലബ്ബ്, പള്ളിപ്പുഴ | ഫുട്ബോൾ കിറ്റ് |
| 42 | എ.കെ.ജി കലാകായിക വേദി ബംഗാട് | ഫുട്ബോൾ കിറ്റ് |
| 43 | യുവധാര ആർട്സ് &സ്പോർട്സ് ക്ലബ്ബ്, ആലക്കോട് | ഫുട്ബോൾ കിറ്റ് |

ഈ പദ്ധതിയിൽ രജിസ്റ്റേർഡ് ക്ലബ്ബുകൾക്കാണ് കിറ്റ് വിതരണം ചെയ്തത്, ക്ലബ്ബുകൾ രജിസ്ട്രേഷൻ

വർഷാവർഷം പുതുക്കേണ്ടതാണ്. 43 ക്ലബ്ബുകളുടെയും അവസാനമായി രജിസ്ട്രേഷൻ പുതുക്കിയത് സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.11/29.1.2022 പ്രകാരം ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 31.1.2022 ന് മറുപടി നൽകിയിട്ടുണ്ട്. എല്ലാ ക്ലബ്ബുകളോടും രജിസ്ട്രേഷൻ പുതുക്കിയ രേഖകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട് എന്നും അവർ നൽകുന്ന മുറക്ക് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കും എന്നുമാണ് മറുപടി നൽകിയത്. അതിനാൽ 43 ക്ലബ്ബുകളും രജിസ്ട്രേഷൻ പുതുക്കിയത് സംബന്ധമായ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 99,999/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-20 പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - ഗ്രാമപഞ്ചായത്തിലെ LP,UP സ്കൂളുകൾക്ക് ഫർണ്ണിച്ചർ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം.0136/21

1.അടങ്കൽ- 9,17,769/-രൂപ – എം.ജി.(നോൺ റോഡ്)

ചെലവ് - 9,17,769/-രൂപ

2.അടങ്കൽ - 82,231/-രൂപ – തനത് ഫണ്ട്

ചെലവ് - 80,195/-രൂപ

1.ബിൽ നം. 04/2020-21/26.3.2021 - 9,17,769/-രൂപ

2.വൗച്ചർ നം.22001198/26.3.2021 – 80,195/-രൂപ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ വിവിധ എൽ.പി., യു.പി. സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. 110 ജോഡി ബെഞ്ചും ഡെസ്കും വാങ്ങുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതി നടത്തിപ്പിനായി 16.1.2021 തിയ്യതിയിൽ ഇ-ടെണ്ടർ ക്ഷണിക്കുകയും ആകെ 10 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനങ്ങളോട് സാമ്പിൾ ഹാജരാക്കാൻ 15.2.2021 ൽ കത്ത് മുഖേന ആവശ്യപ്പെടുകയും 6 സ്ഥാപനങ്ങൾ സാമ്പിൾ ഹാജരാക്കുകയും ചെയ്തു. ഈ സ്ഥാപനങ്ങളും ക്വാട്ട് ചെയ്ത തുകയും താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ക്വാട്ട് ചെയ്ത തുക | ബിഡ് റാങ്ക് | സാമ്പിൾ ഹാജരാക്കിയ സ്ഥാപനങ്ങൾ |
|---|---|---|---|---|
| 1 | ഫിഡ്കോ,എന്റർപ്രൈസസ്, കോഴിക്കോട് | 1,81,380 | 1 | സാമ്പിൾ ഹാജരാക്കി |
| 2 | ആർട്കോ കോഴിക്കോട് | 7,50,000 | 2 | സാമ്പിൾ ഹാജരാക്കിയിട്ടില്ല |
| 3 | AASTMEDI TECH പ്രൈവറ്റ് ലിമിറ്റഡ് | 7,65,820 | 3 | സാമ്പിൾ ഹാജരാക്കിയിട്ടില്ല |
| 4 | സൈന്റിഫിക് സൊല്യൂഷൻസ്, ചിത്താരി | 7,93,840 | 4 | സാമ്പിൾ ഹാജരാക്കി |
| 5 | ചോയ്സ് കടലുണ്ടി | 8,76,000 | 5 | സാമ്പിൾ ഹാജരാക്കി |
| 6 | സിസ്കോ ഇന്റസ്ട്രീസ് മാണിക്കോത്ത് | 9,14,800 | 6 | സാമ്പിൾ ഹാജരാക്കി |
| 7 | ഐശ്വര്യ എന്റർപ്രൈസസ്, കാഞ്ഞങ്ങാട് | 9,36,100 | 7 | സാമ്പിൾ ഹാജരാക്കി |
| 8 | COASTAL ഫർണ്ണിച്ചർ | 9,52,000 | 8 | സാമ്പിൾ ഹാജരാക്കിയിട്ടില്ല |
| 9 | എമറാൾഡ് സ്റ്റീൽ പെരിയാട്ടടുക്കം | 9,99,460 | 9 | സാമ്പിൾ ഹാജരാക്കി |
| 10 | കീർത്തി മാർക്കറ്റിംഗ് | 9,99,790 | 10 | സാമ്പിൾ ഹാജരാക്കിയിട്ടില്ല |

25.2.2021 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നം.(1) പ്രകാരം സാമ്പിൾ ഹാജരാക്കിയ 6 സ്ഥാപനങ്ങളുടെയും സാമ്പിളുകൾ പരിശോധിച്ച്, അതിൽ മികച്ച ഗുണനിലവാരം പുലർത്തിയ സിസ്കോ ഇന്റസ്ട്രീസ് മാണിക്കോത്ത് എന്ന സ്ഥാപനത്തിന്റെ പ്രൊഡക്ട് പർച്ചേസ് ചെയ്യാൻ തീരുമാനിച്ചു. ആകെ

110 സെറ്റുകൾക്ക് 9,14,800/-രൂപയാണ് ഇവർ ക്വാട്ട് ചെയ്തത്. പ്രൊജക്ട് അടങ്കലിനുള്ളിൽ നിന്ന് കൊണ്ട് ആകെ 120 സെറ്റ് വാങ്ങാനും തീരുമാനിച്ചു. 4.2.2021 ന് സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഇൻവോയ്സ് നം.93/24.3.2021 പ്രകാരം സിസ്കോ ഇൻഡസ്ട്രീസ് മാണിക്കോത്ത് 120 സെറ്റ് ബെഞ്ച്, ഡെസ്ക് എന്നിവ വിതരണം ചെയ്തു. ബിൽ നം. 04/2020-21/ 26.3.2021 പ്രകാരം 9,17,769/- രൂപയും, വൗച്ചർ നം.22001198/ 26.3.2021 പ്രകാരം 80,195/- രൂപയും ചേർത്ത് ആകെ 9,97,964/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം.199410200001724/IDBI ബാങ്ക്, കാഞ്ഞങ്ങാട്). ബെഞ്ച്, ഡെസ്ക് എന്നിവ ലഭിച്ച സ്കൂളുകൾ താഴെപ്പറയുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | ലഭിച്ച സെറ്റ് എണ്ണം |
|---|---|---|
| 1 | ജി.എൽ.പി.എസ്. ചെറക്കാപ്പാറ | 5 സെറ്റ് |
| 2 | ജി.യു.പി.എസ്. കുട്ടക്കനി | 30 സെറ്റ് |
| 3 | ജി.എൽ.പി.എസ്. പനയാൽ | 10സെറ്റ് |
| 4 | പി.ആർ.എം.ജി.യു.പി.എസ്. കീക്കാൻ | 10 സെറ്റ് |
| 5 | ജി.യു.പി.എസ്.കരിച്ചേരി | 10സെറ്റ് |
| 6 | ജി.എൽ.പി.എസ്.ചേറ്റ്കുണ്ട് കടപ്പുറം | 5 സെറ്റ് |
| 7 | ജി.എം.യു.പി.എസ്. പള്ളിക്കര, കല്ലിങ്കാൽ | 50 സെറ്റ് |
| | ആകെ | 120 സെറ്റ് |

ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.ടെണ്ടർ ലഭിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ തെരെഞ്ഞെടുത്തില്ല, സാമ്പിൾ ഹാജരാക്കിയ സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞ തുക ക്വാട്ട് ചെയ്ത 5 സ്ഥാപനങ്ങളെ ഒഴിവാക്കി ബിഡ് റാങ്ക് 6 ഉള്ള സിസ്കോ ഇൻഡസ്ട്രീസ് മാണിക്കോത്ത് എന്ന സ്ഥാപനത്തെയാണ് തെരെഞ്ഞെടുത്തത്. സാമ്പിൾ ഹാജരാക്കിയതിൽ ഏറ്റവും ഗുണനിലവാരമുള്ള ബെഞ്ച്, ഡെസ്ക് എന്ന് പരിശോധനയിൽ തെളിഞ്ഞതുകൊണ്ടാണ് കൂടിയ തുക ക്വാട്ട് ചെയ്തിട്ടും അവരെ തെരെഞ്ഞെടുത്തത് എന്നാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി 25.2.2021 ലെ തീരുമാനം നം.(1) പ്രകാരം രേഖപ്പെടുത്തിയത്. ഗുണനിലവാരം പരിശോധിച്ചത് ടെക്ക്നിക്കൽ സ്ഥാപനമാണോ അല്ല വൈദഗ്യം നേടിയവരാണോ എന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.പ്രൊക്യൂർമെന്റ് കമ്മിറ്റി 25.2.2021 ലെ തീരുമാനം നം.(1) പ്രകാരമാണ് സിസ്കോ ഇൻഡസ്ട്രീസ് മാണിക്കോത്ത് എന്ന സ്ഥാപനത്തെ തെരെഞ്ഞെടുത്തത്. പക്ഷെ 4.2.2021 ന് തന്നെ സ്ഥാപനത്തിന് സപ്ലൈ ഓർഡർ അയച്ചിട്ടുണ്ട്. ടെണ്ടർ അംഗീകരിക്കും മുമ്പ് തന്നെ സപ്ലൈ ഓർഡർ അയച്ചു.

3.സിസ്കോ ഇൻഡസ്ട്രീസ് മാണിക്കോത്ത് സ്ഥാപനത്തിന് 4.2.2021 ന് സപ്ലൈ ഓർഡർ അയച്ചതിൽ സപ്ലൈ ഓർഡർ ലഭിച്ച് 7 ദിവസത്തിനകം കരാറിൽ ഏർപ്പെടണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. സ്ഥാപനവുമായി ഒപ്പ് വെച്ച കരാർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി ഒടുക്കണം എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ തുക ഒടുക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4.തുക നൽകുമ്പോൾ 1.5% ആദായനികുതി കിഴിച്ചാണ് സ്ഥാപനത്തിന് നൽകേണ്ടത്. പക്ഷെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. ആകെ 14,969/- രൂപ ആദായനികുതി ഇനത്തിൽ ഈടാക്കിയിട്ടില്ല. (1961 ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 194 സി)

ഓഡിറ്റ് എൻക്വയറി നം.12/29.1.2022 പ്രകാരം അപാകതകൾ വിശദീകരണം ആവശ്യപ്പെട്ടതിന് 31.1.2022 ന് മറുപടി നൽകിയിട്ടുണ്ട്. ക്രമ നം.(1) ന് ഗുണനിലവാരം പരിശോധിച്ചത് പർച്ചേസ് കമ്മിറ്റിയാണ് എന്നും പ്രത്യേക സാങ്കേതിക വൈദഗ്ധ്യം ഇവ പരിശോധിക്കുന്നതിന് ആവശ്യമില്ല എന്നുമാണ് മറുപടി നൽകിയത്. ക്രമ നം.(2) ന് സപ്ലൈ ഓർഡർ അയച്ച തിയ്യതി 4.3.2021 ആണെന്നും ക്ലറിക്കൽ എറർ വന്നതാണെന്നുമാണ് മറുപടി നൽകിയത്. ക്രമ നം.(3) ന് കരാർ ഒപ്പിട്ടിട്ടില്ല എന്നും

സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടില്ല എന്നമാണ് മറുപടി നൽകിയത്. ക്രമ നം.(4) ന് ആദായനികുതി ഈടാക്കാൻ നടപടി സ്വീകരിക്കുമെന്നാണ് മറുപടി നൽകിയത്.

ഹെഡ് മാസ്റ്റർ പദ്ധതി നടപ്പിലാക്കുമ്പോൾ വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടില്ല എന്നാണ് മറുപടിയിൽ നിന്നും വ്യക്തമാണ്. ഭാവിയിൽ പദ്ധതി നിർവ്വഹണത്തിൽ വേണ്ട നിർദ്ദേശങ്ങൾ ഹെഡ് മാസ്റ്റർക്ക് നൽകണമെന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. 5% സെക്യൂരിറ്റി നിക്ഷേപം 49,898/-രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്, കൂടാതെ 14,969/-രൂപ ആദായനികുതി ഇനത്തിലും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്. അതുവരെ ചെലവ് തുക 9,97,964/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-21 കളക്ടേഴ്സ് @ സ്കൂൾ പദ്ധതി -സ്കൂളുകളിൽ ബിൻ സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രൊജക്റ്റ് നം.0261/21

അടങ്കൽ- 1,27,200/-രൂപ – സി.എഫ്.സി. ഗ്രാന്റ്

ചെലവ് - 1,12,320/-രൂപ

ബിൽ നം. 03/2020-21/11.11.2020 - 1,12,320/-രൂപ

ഗ്രാമ പഞ്ചായത്തിലെ ഗവൺമെന്റ് /എയ്ഡഡ് സ്കൂളുകളിൽ പ്ലാസ്റ്റിക് തരം തിരിച്ച് ശേഖരിക്കുന്നതിനുള്ള കളക്ഷൻ ബിന്നുകൾ സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. 2019-20 വർഷത്തിൽ രൂപം കൊടുത്ത ഈ പദ്ധതി സ്പിൽ ഓവർ ആയി 2020-21 വർഷത്തിൽ നടപ്പിലാക്കുകയാണ് ചെയ്തത്. പദ്ധതിക്കായി എൽ.എസ്.ജി.ഡി. എഞ്ചിനീയർ 5300/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകി. 18.2.2020 ന് നം.എച്ച്.എം. 1/2020 പ്രകാരം ടെണ്ടർ ക്ഷണിച്ചു. 28.2.2020 ന് എമറാൾഡ് സ്റ്റീൽ സമർപ്പിച്ച കളക്ഷൻ ബിൻ ഒന്നിന് 4680/- രൂപ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് പർച്ചേസ് നടത്തി. 10.6.2020ന് എമറാൾഡ് സ്റ്റീൽ എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകി. ആകെ 24 കളക്ഷൻ ബിന്നുകൾ 6 സ്കൂളുകളിൽ എത്തിക്കണം. ഇൻവോയ്സ് നം.032/ 30.6.2020 പ്രകാരം സ്ഥാപനം കളക്ഷൻ ബിന്നുകൾ വിതരണം ചെയ്തു. ബിൽ നം. 03/2020-21/ 11.11.2020 പ്രകാരം 1,12,320/- രൂപ സ്ഥാപനത്തിന് നൽകി. അക്കൗണ്ട് നം.4111214000001/ കാനറാ ബാങ്ക്. വിതരണം ചെയ്ത സ്കൂളുകളുടെ പേര് വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | എണ്ണം |
|---|---|---|
| 1 | ജി.യു.പി.എസ്. കരിച്ചേരി | 4 |
| 2 | ജി.യു.പി.എസ്. കൂട്ടക്കനി | 4 |
| 3 | ജി.യു.പി.എസ്. അഗസറഹോള | 4 |
| 4 | ജി.യു.പി.എസ്. കീക്കാൻ | 4 |
| 5 | ജി.എം.യു.പി.എസ്. പള്ളിക്കര | 4 |
| 6 | എസ്.എം.എ.യു.പി.എസ്. പനയാൽ | 4 |
| | ആകെ | 24 |

ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1.പദ്ധതിക്കായി ലഭിച്ച ടെണ്ടറുകളിൽ നിന്ന് എമറാൾഡ് സ്റ്റീൽ സമർപ്പിച്ച കുറഞ്ഞ തുക ക്വാട്ട് ചെയ്ത ടെണ്ടർ പ്രൊക്യുർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക്

ഹാജരാക്കിയിട്ടില്ല.

2. എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ പ്രകാരമാണ് കളക്ഷൻ ബിന്നുകൾ എന്ന് ഉറപ്പ് വരുത്തുന്നതിന് സാമ്പിൾ പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.സ്ഥാപനവുമായി ഒപ്പ് വെച്ച കരാർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.13/ 29.1.2022 പ്രകാരം ഇവ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 31.1.2022 ന് മറുപടി നൽകിയിട്ടുണ്ട്. ക്രമ നം.(1) ന് 3.3.2020 ൽ ചേർന്ന പ്രൊക്യൂർമെന്റ് കമ്മിറ്റിയും 1.6.2020 ചേർന്ന ഭരണസമിതി യോഗവും അംഗീകരിച്ചിട്ടുണ്ട് എന്നാണ് മറുപടി. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഹാജരാക്കിയ മിനിട്സ് പരിശോധിച്ചപ്പോൾ 29.2.2020 ന് ശേഷം 15.6.2020ന് മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഭരണസമിതി തീരുമാനത്തിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടുമില്ല. ക്രമ നം.(2) ന് സാമ്പിൾ പരിശോധന നടത്തിയിട്ടില്ല എന്നാണ് മറുപടി നൽകിയത്. ക്രമ നം.(3) ന് കരാർ ഒപ്പ് വെച്ചിട്ടില്ല എന്നാണ് മറുപടി നൽകിയത്.

ഹെഡ് മാസ്റ്റർ നൽകിയ മറുപടി പരിശോധിച്ചതിൽ നിന്നും ടിയാൻ ഭരണസമിതി, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവയുടെ അനുമതി ഇല്ലാതെ സ്വന്തം നിലക്ക് തന്നെ പർച്ചേസ് നടത്തുകയാണ് ചെയ്തത് എന്ന് വ്യക്തമാണ്. അതപോലെ ടെക്നിക്കൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കേണ്ട പ്രൊഡക്ട് സാമ്പിൾ പരിശോധന നടത്താതെ പർച്ചേസ് ചെയ്തു. സ്ഥാപനവുമായി കരാർ ഒപ്പ് വെക്കാതെയാണ് തുക നൽകിയിട്ടുള്ളത്. അതിനാൽ വിതരണം ചെയ്തിരിക്കുന്ന കളക്ഷൻ ബിന്നുകൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള സ്പെസിഫിക്കേഷനും ഗുണനിലവാരവും ഉണ്ടോ എന്ന് അസി. എഞ്ചിനീയർ എൽ.എസ്.ജി.ഡി. യെക്കൊണ്ട് പരിശോധിപ്പിച്ച് വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 1,12,320/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-22 ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.0147/21

അടങ്കൽ - 1,68,000/-രൂപ – തനത് ഫണ്ട്

ചെലവ് - 98,625 /-രൂപ

വൗച്ചർ നം.22000755/ 29.12.2020 – 98,625/-രൂപ

ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങാനുള്ളതാണ് ഈ പദ്ധതി. ഓഫീസിലേക്ക് അത്യാവശ്യമായ 3 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളാണ് പദ്ധതി പ്രകാരം വാങ്ങിയിരിക്കുന്നത്. സർക്കാർ പോർട്ടൽ ആയ CPRCS വഴിയാണ് പർച്ചേസ് നടത്തിയിരിക്കുന്നത്. (പ്രൊഫോർമ ഇൻവോയ്സ് നം.20385/ തിയ്യതി 20.11.2020, കെൽട്രോൺ, ഐ.ടി. ബിസിനസ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.) ആകെ തുക ഒരു കമ്പ്യൂട്ടറിന് 32,875/- രൂപ പ്രകാരം 98,625/- രൂപ. വൗച്ചർ നം.22000755/ 29.12.2020 പ്രകാരം 98,625/- രൂപ കെൽട്രോൺ തിരുവനന്തപുരത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം.799011400003959/ട്രഷറി അക്കൗണ്ട്.) കത്ത് നം.18132/ തിയ്യതി 14.1.2021 പ്രകാരം കെൽട്രോണിന് വർക്ക് ഓർഡർ നൽകി. ഇൻവോയ്സ് നം.ITP/04318/ 21-22/ തിയ്യതി 31.8.2021 പ്രകാരം കെൽട്രോൺ 3 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്തു.

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകിയിട്ടില്ല.

1). 14.1.2021ന് വർക്ക് ഓർഡർ നൽകി എങ്കിലും കെൽട്രോൺ കമ്പ്യൂട്ടറുകൾ എത്തിക്കുന്നത് 31.8.2021ന് ആണ്. 7.7.2021 ലെ കത്ത് നം.എ-3-7893/2020 പ്രകാരം സാമ്പത്തിക വർഷം കഴിഞ്ഞ് 3 മാസവും വർക്ക് ഓർഡർ നൽകിയിട്ട് 6 മാസം കഴിഞ്ഞിട്ടും കമ്പ്യൂട്ടറുകൾ വിതരണം ചെയ്യാത്തതിന്

വിശദീകരണം ചോദിച്ചിട്ടുണ്ട്. കെൽട്രോൺ നൽകിയ വിശദീകരണം നൽകിയത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.ഇൻവോയ്സ് നം.ITP/04318/21-22/തിയ്യതി 31.8.2021 പ്രകാരം കെൽട്രോൺ 3 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്തു. ഈ ഇൻവോയ്സ് പ്രകാരം തുക 93840/- രൂപയാണ് വില , പക്ഷെ വൗച്ചർ പ്രകാരം 98,625/- രൂപ നൽകിയിട്ടുണ്ട്. 4785/- രൂപ അധികം നൽകിയ തുക തിരികെ കിട്ടിയിട്ടുണ്ടോ എന്ന് വിശദീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.22/31.01.2022 പ്രകാരം മേൽ സൂചിപ്പിച്ച കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 98,625/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-23 പള്ളിക്കര പി.എച്ച്.സി ആർദ്രം നിലവാരത്തിലേക്ക് ഉയർത്തൽ, ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.0307/21

അടങ്കൽ - 10,00,000/-രൂപ – തനത് ഫണ്ട്

ചെലവ് - 10,00,000/-രൂപ

വൗച്ചർ നം.22001013/11.2.2021 – 10,00,000/-രൂപ

കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി പള്ളിക്കര പ്രാഥമിക ആരോഗ്യ കേന്ദ്രം ആർദ്രം നിലവാരത്തിലേക്ക് ഉയർത്തുന്നതിന് വേണ്ടിയാണ് ഈ പദ്ധതി. ബഹു ജില്ലാ കളക്ടറുടെ കത്ത് നം.824/2019/ കെഎസ്ഡി/ കെഡിപി/ തിയ്യതി - 26.8.2020 പ്രകാരം പദ്ധതിക്ക് ഭരണാനുമതി ലഭിച്ചുവെന്നും 33.90 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക എന്നും അറിയിച്ചിട്ടുണ്ട്. ഇതിൽ ഗ്രാമപഞ്ചായത്ത് വിഹിതം 10,00,000/- രൂപയാണ്. പദ്ധതിക്ക് ടെണ്ടർ ക്ഷണിക്കുന്നതിനും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഈ തുക പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കൈമാറണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഹെഡ് ഓഫ് അക്കൗണ്ട് 8443-00-108-00-00-PW Deposit. വൗച്ചർ നം. 22001013/11.2.2021 പ്രകാരം 10,00,000/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് ബിൽഡിംഗ്സ് ഡിവിഷൻ, കാസറഗോഡിന് കൈമാറിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിച്ചുവോ എന്ന് വിശദീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.23/31.01.2022 പ്രകാരം പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 10,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-24 ജലജീവൻ മിഷൻ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി

പ്രൊജക്ട് നം.0308/21

അടങ്കൽ - 38,97,000/-രൂപ – കേന്ദ്ര ധനകാര്യ കമ്മീഷൻ

ചെലവ് - 38,97,000/-രൂപ

ബിൽ നം.28/2020-21/30.3.2021 – 38,97,000/-രൂപ

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2023-24 വർഷത്തോടുകൂടി ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. കേരളാ ജല അതോറിറ്റി മുഖാന്തിരമാണ് പദ്ധതി നടപ്പിലാക്കുന്നത്. കേരളാ ജല അതോറിറ്റി എക്സി.എഞ്ചിനീയർ, പ്രൊജക്ട് ഡിവിഷൻ, കണ്ണൂർ

കത്ത് നം.D3-1921/JJM/2019/ തിയ്യതി 14.7.2020 പ്രകാരം ഇതിനായുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടും വില്ലേജ് ആക്ഷൻ പ്ലാനും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചു നൽകിയിട്ടുണ്ട്. കേരളാ ജല അതോറിറ്റി പി.എച്ച് ഡിവിഷൻ, എക്സി.എഞ്ചിനീയർ കത്ത് നം.D3-14375/ JJM/PLE/ 2020/ തിയ്യതി-28.10.2020 പ്രകാരം പള്ളിക്കര ഗ്രാമ പഞ്ചായത്തിൽ 1420 കുടിവെള്ള കണക്ഷൻ നൽകുവാനാണ് ലക്ഷ്യമെന്നും ഇതിനായി 347.93 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അതിനാൽ പദ്ധതി നടത്തിപ്പിന് ആവശ്യമായ 15% ഗ്രാമ പഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃ വിഹിതവും എത്രയും പെട്ടെന്ന് മാനേജിംഗ് ഡയറക്ടർ, കേരളാ ജല അതോറിറ്റി, മെമ്പർ സെക്രട്ടറിയുടെ അക്കൗണ്ട് നം.00000067119741187/SBI എന്നതിലേക്ക് നിക്ഷേപിക്കണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കത്ത് അനുസരിച്ച് 38,97,000/- രൂപ ബിൽ നം.28/2020-21/ 30.3.2021 പ്രകാരം പിൻവലിച്ച് ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് നിക്ഷേപം നടത്തിയിട്ടുണ്ട്. 17.4.2021 ന് കത്ത് നം. SC3-3123/ 2020 പ്രകാരം നിക്ഷേപം നടത്തിയ വിവരം അസി.എക്സി.എഞ്ചിനീയർ, കേരളാ ജല അതോറിറ്റി, കാസറഗോഡിനെ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത വിവരങ്ങൾ, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.24/31.01.2022 പ്രകാരം പദ്ധതിയുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 38,97,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-25 മുൻകൂർ നൽകിയത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല

2020-21 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിന്റെ മുൻകൂർ രജിസ്റ്റർ പരിശോധന നടത്തിയപ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കണ്ടിൻജന്റ് ചെലവുകൾക്കായി നൽകിയ ചില മുൻകൂറുകൾ ക്രമീകരിച്ചതായി കണ്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./തിയ്യതി | തുക | ചെക്ക് നമ്പർ/ തിയ്യതി | മുൻകൂർ കൈപ്പറ്റിയ നിർവ്വഹണ ഉദ്യോഗസ്ഥൻ | റിമാർക്സ് |
|---|---|---|---|---|---|
| 1 | 22000242/10.7.20 | 15000 | 101877/dt. 10.7.20 | വി.ഇ.ഒ | ക്രമീകരിച്ചിട്ടില്ല |
| 2 | 22000417/24.9.20 | 50000 | 5272931/dt. 24.9.20 | കൃഷി ഓഫീസർ | ക്രമീകരിച്ചിട്ടില്ല |
| 3 | 22000733/12.12.20 | 15000 | 116106/dt. 12.12.20 | ഹെഡ് മാസ്റ്റർ | ക്രമീകരിച്ചിട്ടില്ല |
| 4 | 22000741/28.12.20 | 14000 | 116111/dt. 28.12.20 | ഹെഡ് മാസ്റ്റർ | ക്രമീകരിച്ചിട്ടില്ല |
| 5 | 21800711/6.12.2018 | 26000 | -- | മെഡിക്കൽ ഓഫീസർ-ഹോമിയോ | 2018-19 വർഷത്തിൽ നൽകിയ മുൻകൂർ, നാളിതുവരെ ക്രമീകരിച്ചിട്ടില്ല |

2020-21 വർഷത്തിൽ മുൻകൂർ നൽകിയ 94000/- രൂപ ക്രമീകരിച്ചതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ 2018-19 വർഷത്തിൽ നൽകിയ 26000/- രൂപയും ക്രമീകരിക്കാൻ ബാക്കിയുണ്ട്.

സർക്കാർ ഉത്തരവ് (അച്ചടി) നം.419/11/ഫിൻ/തിയ്യതി 4.10.2011/ഫിനാൻസ് (എക്സ്പെൻഡിച്ചർ-ബി) വകുപ്പ്., ആർട്ടിക്കിൾ-99, കെ.എഫ്.സി-വാല്യം-1 എന്നിവ പ്രകാരം മുൻകൂർ നൽകിയാൽ ക്രമവൽക്കരിക്കുന്നതിനുള്ള സമയം 3 മാസമാണ്, ഈ കാലയളവിൽ ക്രമവൽക്കരണം നടത്തിയില്ലെങ്കിൽ 18% പലിശ സഹിതം തിരിച്ചുപിടിക്കണമെന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്.

ഓഡിറ്റ് എൻക്വയറി നം.28/01.02.2022 പ്രകാരം ടി തുകകൾ ക്രമവൽക്കരിച്ചതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ എത്രയും പെട്ടെന്ന് ടി തുകകൾ ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരോട് ആവശ്യപ്പെടേണ്ടതാണ്, ഹാജരാക്കാത്ത പക്ഷം മേൽ ഉത്തരവുകൾ പ്രകാരം നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 ഗ്രാമപഞ്ചായത്ത് ടിപ്പർ ലോറിയുടെ ബാറ്ററി മാറ്റിയത് - അപാകത

വൗച്ചർ നം.22000086/14.5.2020 – 6800/-രൂപ

ചെക്ക് നം.863810/14.5.2020

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ടിപ്പർ ലോറിയുടെ ബാറ്ററി മാറ്റുന്നതിന് വൗച്ചർ നം.22000086/ 14.5.2020 പ്രകാരം ആകെ 6800/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി 31.1.2020 ന് ക്വട്ടേഷൻ ക്ഷണിച്ചു. പ്രദീപ് ഓട്ടോ ഇലക്ട്രിക്കൽ വർക്സ് പള്ളം, ഉദുമ 31.1.2020 ന് സമർപ്പിച്ച 6800/- രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ചാണ് പ്രവൃത്തി നടത്തിയത്. പ്രദീപ് ഓട്ടോ ഇലക്ട്രിക്കൽ വർക്സ് പള്ളം, ഉദുമ ബിൽ നം.2095/തിയ്യതി 11.2.2020 പ്രകാരം ബാറ്ററി വിതരണം ചെയ്തു. ചെക്ക് നം.863810/14.5.2020 പ്രകാരം 6800/-രൂപ സ്ഥാപനത്തിന് നൽകി.

ഈ പ്രവൃത്തി നടത്തുന്നതിന് പൊതു മരാമത്ത് വകുപ്പ് മെക്കാനിക്കൽ ഡിവിഷൻ കണ്ണൂരിൽ നിന്ന് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതുപോലെ പഴയ ബാറ്ററി സാധാരണ പർച്ചേസ് നടത്തിയ സ്ഥാപനങ്ങൾ തന്നെ എടുത്ത് അതിന്റെ വില കിഴിവ് ചെയ്യാറുണ്ട്. പഴയ ബാറ്ററിക്ക് വില ലഭിച്ചിരുന്നോ, ഇല്ലെങ്കിൽ ബാറ്ററി എന്ത് ചെയ്തു എന്ന് വിശദീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.29/01.02.2022 പ്രകാരം അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 6800/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-27 കോവിഡ് പ്രതിരോധം-വാഹനം വാടകയ്ക്ക് എടുത്തതിലെ -അപാകത

വൗച്ചർ നം.22000038/25.4.2020 - 54730/-രൂപ

ചെക്ക് നം.5272814/25.4.2020

കോവിഡ് -19മായി മഹാമാരിയുമായി ബന്ധപ്പെട്ട് ലോക്ക് ഡൗൺ പ്രഖ്യാപിച്ചപ്പോൾ പള്ളിക്കര പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരെ ഓഫീസുകളിലേക്കും, തിരിച്ച് വീട്ടിലേക്കും കൊണ്ടുവിടുന്നതിനും, പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റ് അടിയന്തിര ആവശ്യങ്ങൾക്കും വാഹനം വാടകയ്ക്ക് എടുത്തതിന് വൗച്ചർ നം.22000038/ 25.4.2020 പ്രകാരം ആകെ 54730/- രൂപ ചെലവഴിച്ചിട്ടുണ്ട്. 15.4.2020 ന് മെഡിക്കൽ ഓഫീസർ പി.എച്ച്.സി. പള്ളിക്കര വാഹന വാടക ആവശ്യപ്പെട്ട് കത്ത് നൽകി. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നം.എസ്.സി3-2075/ തിയ്യതി-25.4.2020 പ്രകാരം തുക നൽകുന്നതിന് അനുമതി നൽകി. ഭരണസമിതി തീരുമാനം നം.3(3)/20/ തിയ്യതി-22.4.2020.

ഈ ചെലവ് നടത്തിയതുമായി ബന്ധപ്പെട്ട് വാഹനം വാടകയ്ക്ക് എടുത്തതിന് ക്വട്ടേഷൻ നടപടികളുടെ രേഖകൾ, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.30/01.02.2022 പ്രകാരം ക്വട്ടേഷൻ നടപടികൾ സംബന്ധമായ രേഖകൾ, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 54730/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-28 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു.

2019-20, 2020-21 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം "സേവന" വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായും, ചില ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചതായും കാണുകയുണ്ടായി (2019-20, 2020-21 ലെ അപേക്ഷാ രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ വിവരങ്ങൾ, 2019-20, 2020-21 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.) സ. ഉ. (എം എസ്) 483/17/ധന/ 06.11.17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാ വർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിംഗ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്തഗഡു മുതൽ പെൻഷൻ അനുവദിക്കാവുന്നതല്ല എന്നതുമാണ് സർക്കാർ നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താകൾക്ക് ചുവടെ ചേർത്തപ്രകാരം തുടർന്നും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|---|
| | | | | | മാസം | അനുവദിച്ച തുക |
| 1 | കുൽസു (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 723148 944814 | 112020 601634 | 16.10.2020 | 2020 നവംബർ, ഡിസംബർ | 1,400 X 2 2,800 |
| 2 | സൈനബ (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 82854 3945193 | 112020 601850 | 03.09.2020 | 2020ഒക്ടോബർ, നവംബർ,ഡിസംബർ | 1,400 X3 4,200 |
| | | | | | 2021 ജനവരി, ഫെബ്രുവരി,മാർച്ച് | 1,500 X3 4,500 |
| | | | | | 2021ഏപ്രിൽ മുതൽ 2021ഡിസംബർ വരെ | 1,600x9 14,400 |
| 3 | കെ.യൂസഫ് (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 84823 6084086 | 112020 201914 | 31.08.2020 | 2020സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ | 1400 X 4 5,600 |
| | | | | | ജനവരി-2021 | 1,500 |
| 4 | കുഞ്ഞാമദ് ഹാജി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 92486 4088510 | 112020 200958 | 20.04.2021 | 2021 മെയ് മുതൽ 2021ഒക്ടോബർ വരെ | 1,600 X 6 9,600 |
| 5 | പി.നാരായണൻ (കർഷക തൊഴിലാളി പെൻഷൻ) | 55641 7575139 | 112020 100568 | 30.07.2021 | 2021 ആഗസ്റ്റ് മുതൽ 2021ഒക്ടോബർ വരെ | 1,600 X 3 4,800 |
| 6 | കെ.അബ്ബാസ് (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 84422 5872760 | 112020 201564 | 18.07.2021 | 2021ആഗസ്റ്റ് മുതൽ 2021ഒക്ടോബർ വരെ | 1,600 X3 4,800 |
| 7 | കുഞ്ഞാമദ് (ഇന്ദിരാ ഗാന്ധി ദേശീയ | 463947 544308 | 112020 201292 | 02.07.2020 | ആഗസ്റ്റ്-2020 | 1,300 |

| | | | | | | |
|---|---|---|---|---|---|---|
| | വാർദ്ധക്യ കാല പെൻഷൻ) | | | | 2020സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ | 1,400 X 4<br>5,600 |
| 8 | ഇബ്രാഹിം (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 837985 693296 | 112020 201186 | 25.07.2021 | 2021ആഗസ്റ്റ് മുതൽ 2021ഒക്ടോബർ വരെ | 1,600 X 3<br>4,800 |
| 9 | പത്മാവതി.കെ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 224857 456449 | 112020 201858 | 11.05.2021 | 2021ജൂൺ മുതൽ 2021ഡിസംബർ വരെ | 1,600 X 7<br>11,200 |
| 10 | നാരായണൻ എമ്പ്രാന്തിരി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 59862 9971867 | 112020 201893 | 28.08.2021 | 2021സെപ്റ്റംബർ മുതൽ 2021നവംബർ വരെ | 1,600 X 3<br>4,800 |
| 11 | കെ.ടി.അബ്ദുള്ള (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 652155 907757 | 112020 201974 | 28.04.2021 | 2021മെയ് മുതൽ 2021ഒക്ടോബർ വരെ | 1,600 X 6<br>9,600 |
| 12 | സരോജിനി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 657238 933307 | 112020 202479 | 26.06.2021 | 2021ജൂലൈ മുതൽ 2021ഒക്ടോബർ വരെ | 1,600 X4<br>6,400 |
| 13 | ഹസൈനാർ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 564863 654505 | 112020 202776 | 11.10.2020 | 2020നവംബർ, 2020ഡിസംബർ | 1,400 X 2<br>2,800 |
| | | | | | 2021ജനവരി മുതൽ 2021മാർച്ച് വരെ | 1,500 X 3<br>4,500 |
| | | | | | 2021ഏപ്രിൽ മുതൽ 2021ഡിസംബർ വരെ | 1,600 X 9<br>14,400 |
| 14 | മാധവി.പി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 525277 735829 | 112020 202619 | 19.072.2021 | 2021ആഗസ്റ്റ് മുതൽ 2021ഒക്ടോബർ വരെ | 1,600 X 3<br>4,800 |
| 15 | ആസ്യാബി (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 717006 796559 | 112020 601042 | 20.08.2020 | 2020സെപ്റ്റംബർ മുതൽ 2020നവംബർ വരെ | 1,400 X 3<br>4,200 |
| 16 | പാത്തുഞ്ഞി (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 474331 771923 | 112020 601273 | 20.06.2021 | 2021ജൂലൈ മുതൽ 2021ഒക്ടോബർ വരെ | 1,600 X 4<br>6,400 |
| 17 | ബീഫാത്തുമ്മ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 51725 2835341 | 112020 202709 | 11.07.2021 | 2021ആഗസ്റ്റ് മുതൽ 2021ഒക്ടോബർ വരെ | 1,600 X 3<br>4,800 |
| 18 | തമ്പായി.കെ (കർഷക തൊഴിലാളി പെൻഷൻ) | 477830 122348 | 112020 100656 | 27.08.2020 | 2020സെപ്റ്റംബർ മുതൽ 2020ഡിസംബർ വരെ | 1400 X 4<br>5,600 |
| | | | | | ജനവരി-2021 | 1,500 |
| 19 | മുഹമ്മദ് അലി.വി.പി (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 409750 095228 | 112020 200970 | 20.05.2021 | 2021ജൂൺ മുതൽ 2021ഒക്ടോബർ വരെ | 1,600 X 5<br>8,000 |
| 20 | അലീമ (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 316901 825270 | 112020 602038 | 27.05.2021 | 2021ജൂൺ മുതൽ 2021ഒക്ടോബർ വരെ | 1,600 X 5<br>8,000 |
| 21 | നസീമ.കെ.എം (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 541382 366717 | 112020 602221 | 07.06.2021 | 2021ജൂലൈ മുതൽ 2021ഒക്ടോബർ വരെ | 1,600 X 4<br>6,400 |
| 22 | ഫാത്തിമ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 208333 152712 | 112020 201032 | 07.10.2020 | 2020നവംബർ, 2020ഡിസംബർ | 1,400 X 2<br>2,800 |
| | | | | | 2021ജനവരി മുതൽ 2021മാർച്ച് വരെ | 1,500 X 3<br>4,500 |
| | | | | | 2021ഏപ്രിൽ, 2021മെയ് | 1,600 X 2<br>3,200 |
| 23 | ഹംസ കുന്നിൽ | 608442 | 112020 | 22.03.2020 | ഏപ്രിൽ-2020 | 1,220 |

| | | | | | | |
|---|---|---|---|---|---|---|
| | (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 390970 | 202416 | | | |
| | | | | | 2021മെയ് മുതൽ2020 ആഗസ്റ്റ് വരെ | 1,300 X 4<br>5,200 |
| | | | | | 2020സെപ്തംബർ മുതൽ2020ഡിസംബർ വരെ | 1,400 X 4<br>5,600 |
| | | | | | 2021ജനവരി മുതൽ 2021മാർച്ച് വരെ | 1,500 X 3<br>4,500 |
| | | | | | 2021ഏപ്രിൽ മുതൽ 2021ഡിസംബർ വരെ | 1,600 X 9<br>14,400 |
| 24 | അഹമ്മദ് കുഞ്ഞി ടി.എ<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 42755 6771814 | 111920 200073 | 22.10.2020 | 2020നവംബർ മുതൽ 2021മാർച്ച് വരെ | 1,500 X 5<br>7,500 |
| | | | | | 2021ഏപ്രിൽ മുതൽ 2021ഡിസംബർ വരെ | 1,600 X 9<br>14,400 |
| 25 | ചിരുത<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 795155 369710 | 112020 201171 | 28.11.2020 | 2020ഡിസംബർ മുതൽ2021മാർച്ച് വരെ | 1,500 X 4<br>6,000 |
| | | | | | 2021ഏപ്രിൽ മുതൽ 2021ഡിസംബർ വരെ | 1,600 X 9<br>14,400 |
| 26 | സെൽമ<br>(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 408719 819881 | 112020 600308 | 24.12.2019 | 2020ജനവരി മുതൽ 2020ഏപ്രിൽ വരെ | 1,220 X 4<br>4,880 |
| 27 | എം.കുട്ടിയൻ<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 789618 496768 | 112020 202423 | 31.12.2019 | 2020ജനവരി മുതൽ 2020ഏപ്രിൽ വരെ | 1,220 X 4<br>4,880 |
| 28 | പി.അബ്ദുള്ള<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 354286 001874 | 112020 201729 | 02.11.2020 | ഡിസംബർ-2020 | 1,400 |
| | | | | | 2021ജനവരി മുതൽ 2021മാർച്ച് വരെ | 1,500 X 3<br>4,500 |
| | | | | | ഏപ്രിൽ-2021 | 1,600 |
| 29 | ആത്തിക്ക.കെ<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 553341 587601 | 112020 201796 | 24.08.2020 | 2020സെപ്തംബർ മുതൽ 2020ഡിസംബർ വരെ | 1,400 X 4<br>5,600 |
| | | | | | 2021ജനവരി മുതൽ 2021മാർച്ച് വരെ | 1,500 X 3<br>4,500 |
| | | | | | 2021ഏപ്രിൽ മുതൽ 2021ആഗസ്റ്റ് വരെ | 1,600 X 5<br>8,000 |
| 30 | എ.ഗണേശൻ<br>(ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ) | 579222 303095 | 112020 400270 | 03.12.2020 | 2021ജനവരി മുതൽ 2021മാർച്ച് വരെ | 1,500 X 3<br>4,500 |
| | | | | | ഏപ്രിൽ-2021 | 1,600 |
| 31 | ഗോപാലകൃഷ്ണൻ.കെ<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 737682 393944 | 112020 202639 | 15.10.2020 | 2021നവംബർ, 2020ഡിസംബർ | 1,400 X 2<br>2,800 |
| | | | | | 2021ജനവരി മുതൽ ഫെബ്രുവരി-2021 2021മാർച്ച് വരെ | 1,500 X 3<br>4,500 |
| | | | | | 2021ഏപ്രിൽ മുതൽ 2021ഡിസംബർ വരെ | 1,600 X 9<br>14,400 |
| 32 | യൂസഫ്<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 638279 593959 | 112020 202558 | 23.11.2021 | ഡിസംബർ-2021 | 1,600 |
| 33 | മുഹമ്മദ്.എം<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 752961 225171 | 112020 201779 | 31.01.2021 | 2021ഫെബ്രുവരി, 2021മാർച്ച് | 1,500 X 2<br>3,000 |
| | | | | | 2021ഏപ്രിൽ മുതൽ 2021ഒക്ടോബർ വരെ | 1,600 X 7<br>11,200 |
| 34 | സുബൈദ<br>(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 525049 153900 | 112020 602033 | 20.02.2021 | മാർച്ച്-2021 | 1,500 |
| | | | | | ഏപ്രിൽ-2021 | 1,600 |

| | | | | | | |
|---|---|---|---|---|---|---|
| 35 | ഹംസ ടി.കെ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 395654 196022 | 112020 201930 | 31.01.2021 | 2021ഫെബ്രുവരി, 2021മാർച്ച് | 1,500 X 2 3,00 |
| | | | | | 2021ഏപ്രിൽ മുതൽ 2021ഡിസംബർ വരെ | 1,600 X 9 14,400 |
| 36 | ഗുരുവൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 594503 299050 | 111870 201590 | 12.04.2021 | 2021മെയ് മുതൽ 2021ആഗസ്റ്റ് വരെ | 1,600 X 4 6,400 |
| 37 | നാഗരത്ന (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 244183 704568 | | 22.04.2021 | 2021മെയ്, 2021ജൂൺ | 1,600 X2 3,200 |
| | | | | | ആകെ | 3,60,080 |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാത് മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്. (സ.ഉ(പി) 97/20/ധന/23.9.20) ഖ. 13)

മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.17/31.01.2022) 02.02.2022 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ട് സേവന സോഫ്റ്റ് വെയറിൽ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും, സസ്പെന്റ് ചെയ്യുന്നതുവരെയുള്ള പെൻഷൻ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടെന്നും, ആയത് ബന്ധപ്പെട്ട ബാങ്കുകൾക്ക് കത്ത് നൽകി ഗുണഭോക്താക്കൾ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ പ്രസ്തുത കാലയളവിലെ പെൻഷൻ തുക കേരള സോഷ്യൽ സെക്യൂരിറ്റി ലിമിറ്റഡിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് തിരികെ അടക്കുന്നതിനും, ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി പ്രകാരം അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യസുരക്ഷ പെൻഷൻ ഇനത്തിൽ നൽകിയ തുകയായ 3,60,080/- രൂപ തിരികെ ഈടാക്കി ഡി.ബി.ടി.സെല്ലിലേക്ക് തിരിച്ചടച്ച് വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-29 തുക മുൻകൂർ നൽകിയിട്ടും കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം. - S0330/21

പ്രോജക്ടിന്റെ പേര് - കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ, കൃഷിഭവൻ പള്ളിക്കര

ചെലവ് തുക - 31,545/-രൂപ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ബിൽ നമ്പർ, തീയതി - 28/2020-21 തീയതി.20-03-2021 തുക RS.31,545/-

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി പ്രൊജക്ട് നമ്പർ.S0330/21 പ്രകാരം മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) നിന്ന് 31,545/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കെൽട്രോൺ തിരുവനന്തപുരത്തിന്റെ 06.03.2021തിയ്യതിലെ TVM/ITBG/ PI/RC/ 23707/ 20-21 നമ്പർ പെർഫോമ ഇൻവോയിസ് പ്രകാരം ഒരു കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ഉണ്ടായി.(അക്കൗണ്ട് നം.799011400003959).

പദ്ധതി നടപ്പിലാക്കിയതിലെ അപാകത ചുവടെ ചേർക്കുന്നു.

1)കെൽട്രോൺ തിരുവനന്തപുരം എന്ന സ്ഥാപനത്തിന് തുക മുൻകൂർ നൽകിയിട്ടും ടി സ്ഥാപനം ഓഡിറ്റ് തീയ്യതി വരെ കമ്പ്യൂട്ടർ കൃഷി ഓഫീസിലേക്ക് വിതരണം ചെയ്തിട്ടില്ല. ആയത് ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഇക്കാര്യം ഓഡിറ്റ് എൻക്വയറി നം.19/31.01.2022 പ്രകാരം അന്വേഷിച്ചതിന് മറുപടി നൽകിയിട്ടില്ല. കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 31,545/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

1-30 പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വിവിധ പ്രൊജക്ടുകളിലായി 1,26,75,200/- രൂപയുടെ ചെലവുകൾ നടത്തിയിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കി പൂർത്തീകരിച്ചതിന്റെ കൃത്യമായ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

നടപ്പിലാക്കിയ പദ്ധതി നം & പദ്ധതിയുടെ പേര്

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേര്, പ്രൊജക്ട് നം | ബിൽ നം, തിയ്യതി | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | തെങ്ങ് കൃഷി വികസനം പ്രൊജക്ട് നം.S0013/21 | 20/2020-21/ 30.01.2021 | 3,91,590 | 174 |
| | | 22/2020-21/ 20.03.2021 | 1,88,236 | 95 |
| | | 09/2020-21/ 13.01.2021 | 4,40,020 | 190 |
| | | 32/2020-21/ 31.03.2021 | 3,390 | 1 |
| | | 5120200201200073 (ബിൽ റിക്വസിഷൻ നം) 30.03.2021 | 1,89,091 | 47 |
| | | 5120200201200048 (ബിൽ റിക്വസിഷൻ നം) 04.03.2021 | 3,55,909 | 364 |
| 2 | കവുങ്ങ് കൃഷി വികസനം പ്രൊജക്ട് നം.S0014/21 | 21/2020-21/ 20.03.2021 | 2,43,844 | 190 |
| | | 35/2020-21/ 31.03.2021 | 1,870 | 1 |
| | | 5120200201200074 (ബിൽ റിക്വസിഷൻ നം) 30.03.2021 | 1,00,031 | 194 |
| 3 | ഹരിതം പള്ളിക്കര തെങ്ങ് കൃഷി വികസനം പ്രൊജക്ട് നം. S0018/21 | 29/2020-21/ 31.03.2021 | 2,35,450 | 476 |
| | | 23/2020-21/ 20.03.2021 | 19,380 | 10 |
| | | 06/2020-21/ 12.11.2020 | 3,88,722 | 227 |
| | | 02/2020-21/ 24.08.2020 | 2,12,600 | 218 |
| | | 04/2020-21/ 12.11.2020 | 4,81,678 | 275 |

| | | | | |
|---|---|---|---|---|
| | | 05/2020-21/ 12.11.2020 | 4,81,678 | 275 |
| | | 07/2020-21/ 12.11.2020 | 3,88,722 | 227 |
| | | 37/2020-21/ 31.03.2021 | 19,380 | 10 |
| | | 24/2020-21/ 20.03.2021 | 87,720 | 39 |
| | | 25/2020-21/ 20.03.2021 | 55,658 | 27 |
| | | 33/2020-21/ 31.03.2021 | 59,424 | 45 |
| | | 5120200201200075 (ബിൽ റിക്വസിഷൻ നം) 30.03.2021 | 1,35,250 | 564 |
| | | 5120200201200069 (ബിൽ റിക്വസിഷൻ നം) 30.03.2021 | 1000 | 1 |
| 4 | ജീവനി ഗ്രോബാഗ് പച്ചക്കറി കൃഷിയും പച്ചക്കറി തൈ വിതരണവും<br>പ്രൊജക്ട് നം.S0020/21 | 36/2020-21/ 31.03.2021 | 3,000 | 2 |
| | | 14/2020-21/ 13.01.2021 | 41,000 | 81 |
| | | 15/2020-21/ 13.01.2021 | 3,56,000 | 2460 |
| | | 34/2020-21/ 31.03.2021 | 3,07,500 | 2125 |
| | | 5120200201200044 (ബിൽ റിക്വസിഷൻ നം) | 77,000 | 154 |
| 5 | ഹരിതം പള്ളിക്കര<br>പച്ചക്കറി കൃഷി വികസനം – വനിത<br>പ്രൊജക്ട് നം.S0021/21 | 30/2020-21/31.03.2021 | 1,02,500 | 91 |
| | | 5120200201200076 (ബിൽ റിക്വസിഷൻ നം) 30.03.2021 | 3,00,000 | 91 |
| 6 | ജൈവ ജീവനം ഇടവിള കൃഷി<br>പ്രൊജക്ട് നം. S0024/21 | 27/2020-21/ 20.03.2021 | 2,17,500 | 2620 |
| | | 01/2020-21/ 24.08.2020 | 12,72,500 | 2620 |
| 7 | ജീവനി ഫലവൃക്ഷ തൈകൾ നട്ടു പരിപാലിക്കൽ വനിത കൾക്ക്<br>പ്രൊജക്ട് നം.S0095/21 | 26/2020-21/ 20.03.2021 | 25,625 | 516 |
| | | 03/2020-21/ 15.10.2020 | 1,74,375 | 2596 |
| | | 5120200201200068 (ബിൽ റിക്വസിഷൻ നം) 30.03.2021 | 60,000 | 516 |
| 8 | ഹരിതം പള്ളിക്കര<br>നെൽകൃഷി വികസനം<br>പ്രൊജക്ട് നം.S0166/21 | 20200752010800192343 (ബിൽ റഫറൻസ്)22.05.2020 | 8,50,850 | 415 |
| | | 20200752010800192345 (ബിൽ റഫറൻസ് നം) 22.05.2020 | 8,51,870 | 418 |
| | | 20200752010800192348 (ബിൽ റഫറൻസ് നം)22.05.2020 | 70,870 | 49 |
| | | 20200752010800192346 (ബിൽ റഫറൻസ് നം) 22.05.2020 | 65,450 | 45 |
| 9 | സുഭിക്ഷ കേരളം പദ്ധതി-തരിശ് ഭൂമി പച്ചക്കറി കൃഷി ജനറൽ<br>പ്രൊജക്ട് നം.S0299/21 | 12/2020-21/13.01.2021 | 33,380 | 6 |
| | | 5120200201200078 (ബിൽ റിക്വസിഷൻ നം) 30.03.2021 | 33,380 | 6 |
| 10 | സുഭിക്ഷ കേരളം പദ്ധതി-തരിശ് ഭൂമി പച്ചക്കറി കൃഷി -വനിത<br>പ്രൊജക്ട് നം.S0301/21 | 19/2020-21/13.01.2021 | 81,984 | 19 |
| | | 5120200201200079 (ബിൽ റിക്വസിഷൻ നം) 30.03.2021 | 4,01,000 | 19 |
| 11 | സുഭിക്ഷ കേരളം പദ്ധതി-തരിശ് ഭൂമി നെൽ കൃഷി<br>പ്രൊജക്ട് നം.S0303/21 | 14/2020-21/ 13.01.2021 | 14,000 | 2 |
| | | 13/2020-21/ 13.01.2021 | 1,58,840 | 44 |
| | | 18/2020-21/ 13.01.2021 | 5,00,000 | 38 |
| | | 08/2020-21/ 12.11.2020 | 3,12,500 | 6 |
| | | 5120200201200080 (ബിൽ റിക്വസിഷൻ നം) 30.03.2021 | 10,00,000 | 94 |
| 12 | സുഭിക്ഷ കേരളം പദ്ധതി-തരിശ് ഭൂമി കിഴങ്ങ് വിള കൃഷി -വനിത<br>പ്രൊജക്ട് നം.S0304/21 | 28/2020-21/ 31.03.2021 | 1,62,885 | 39 |
| | | 5120200201200081 (ബിൽ റിക്വസിഷൻ നം) 30.03.2021 | 3,01,000 | 43 |
| 13 | സുഭിക്ഷ കേരളം പദ്ധതി-തരിശ് ഭൂമി കിഴങ്ങ് വിള കൃഷി -ജനറൽ | 16/2020-21/ 13.01.2021 | 1,09,088 | 29 |
| | | 17/2020-21/ 13.01.2021 | 8,040 | 3 |

| | | | | |
|---|---|---|---|---|
| | പ്രൊജക്റ്റ് നം.S0305/21 | 5120200201200082 (ബിൽ റിക്വസിഷൻ നം) 30.03.2021 | 1,30,000 | 34 |
| 14 | ഹരിതം പള്ളിക്കര പച്ചക്കറി കൃഷി വ്യാപനം പ്രൊജക്റ്റ് നം.S0169/21 | 20200752010800029985 (ബിൽ റഫറൻസ് നം) 11.04.2020 | 1,72,420 | 128 |

പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും, പദ്ധതി പൂർത്തീകരണ പത്രം തയ്യാറാക്കലും നടന്നതായി കാണുന്നില്ല. പദ്ധതി നിർവ്വഹണം പൂർത്തിയാകുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതുമാണ്. എന്നാൽ കൃഷി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ നടന്നിട്ടില്ല എന്ന് വ്യക്തമാകുന്നു. സ.ഉ. (കൈ)നം.11/2018 / ത.സ്വ.ഭ.വ./.29.01.2018 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ കൃഷി വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിലയിരുത്തൽ നടന്നിട്ടില്ല എന്ന് വ്യക്തമാകുന്നു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റ് ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

ജി.ഒ. (എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, അതിനോടൊന്നിച്ചുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി കൃഷി ചെയ്തിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(2) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.32/01.02.2022 പ്രകാരം മേൽ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല.)

1-31 ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പള്ളിക്കര സർക്കിൾ

ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് (രണ്ടാം ഘട്ട) ഭവന പദ്ധതിയ്ക്കായി പ്രൊ.നം.S0026/21, S0036/21, S0037/21, S0270/21, S0249/21, S0263/21, S0019/21, S0023/21,എന്നിവ പ്രകാരം 2020-21 വർഷം 97,03,633/- രൂപ ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 142 പേർ ഉൾപ്പെടുന്ന ഭവന രഹിതരുടെ പട്ടികയിൽ നിന്നും 35 പേരെയാണ് അന്തിമമായി തെരഞ്ഞെടുത്തത്. 2020-21 ഭവന നിർമ്മാണമാരംഭിച്ച 35പേരിൽ 13 പേർ നിർമ്മാണം പൂർത്തീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ചുവടെ ചേർത്ത 22 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനും, നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർ ഗഡുക്കൾ നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (യൂണിറ്റ് നിരക്ക് ജനറൽ ₹4,00,000/- പട്ടിക വർഗ വിഭാഗം ₹6,00,000/)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കദീജ.കെ.എം W/o മജീദ് പി,പെരിയാട്ടടുക്കം | 3,20,000 | മേൽക്കൂര |
| 2 | ഷക്കീല W/o ബഷീർ അഹമ്മദ് , റഹ്മത്ത് നഗർ | 40,000 | തറ |
| 3 | ഓമന W/o സതീശൻ,കുറിച്ചിക്കുന്ന്,ബേക്കൽ ഫോർട്ട് | 3,96,250 | മേൽക്കൂര |
| 4 | അംബിക W/o പവിത്രൻ,ശക്തിനഗർ,പള്ളിക്കര | 3,00,000 | ഭിത്തി |
| 5 | ആയിഷ W/o കുഞ്ഞാമു,പള്ളിപ്പുഴ,ബേക്കൽഫോർട്ട് | 3,60,000 | മേൽക്കൂര |
| 6 | പ്രഭാവതി W/o തമ്പാൻ,കുട്ടക്കനി,പാക്കം | 3,900,000 | മേൽക്കൂര |
| 9 | പ്രസീത W/o ഗോപിനാഥ് (പട്ടിക വർഗ വിഭാഗം) വെളുത്തോളി കോളനി,പാക്കം | 2,40,000 | ഭിത്തി |
| 10 | സുമ എച്ച്. W/o സുരേഷ് ( പട്ടിക വർഗ വിഭാഗം) | 3,40,000 | മേൽക്കൂര |
| 11 | നാരായണ ഒ.പി W/o രാജു.കെ (പട്ടിക വർഗ വിഭാഗം) പെരിയാട്ടടുക്കം | 3,30,000 | മേൽക്കൂര |
| 12 | നാരായണി.എസ് ( പട്ടിക വർഗ വിഭാഗം) പാക്കം, പനയാൽ | 2,00,375 | തറ |
| 13 | നാരായണ എം W/o വിജയൻ (പട്ടിക വർഗ വിഭാഗം) പെരിയാട്ടടുക്കം, പനയാൽ | 3,30,000 | മേൽക്കൂര |
| 14 | ഉഷ.എൻ W/o കുമാരൻ, പെരിയാട്ടടുക്കം ( പട്ടിക വർഗ വിഭാഗം) | 3,300,000 | മേൽക്കൂര |
| 15 | കാർത്ത്യായനി W/o കുഞ്ഞിക്കണ്ണൻ ( പട്ടിക വർഗ വിഭാഗം) വെളുത്തോളി കോളനി | 3,36,433 | മേൽക്കൂര |
| 16 | ശ്രീജ.ടി.എം തോക്കാനംമൊട്ട,പനയാൽ ( പട്ടിക വർഗ വിഭാഗം) | 3,00,000 | ഭിത്തി |
| 17 | ശ്യാമള W/o ശ്രീധരൻ, തച്ചങ്കാട് പനയാൽ പി.ഒ (പട്ടിക ജാതി വിഭാഗം) | 3,40,000 | മേൽക്കൂര |
| 18 | ശാന്ത.കെ W/o സുധാകരൻ (പട്ടിക ജാതി വിഭാഗം) | 2,90,000 | ഭിത്തി |
| 19 | സബിത സി W/o സജീവൻ, ചെറുക്കപ്പാറ (പട്ടിക ജാതി വിഭാഗം) | 3,50,000 | മേൽക്കൂര |
| 20 | അംബിക W/o രാജേഷ് വി (പട്ടിക ജാതി വിഭാഗം)ബട്ടത്തൂർ, പനയാൽ | 3,57,764 | മേൽക്കൂര |
| 21 | രേഷ്മ എസ്, തച്ചങ്കാട്, പനയാൽ (പട്ടിക ജാതി വിഭാഗം) | 2,20,000 | ഭിത്തി |

| | | | |
|---|---|---|---|
| 22 | വിനീത കെ W/o ഷൈൻ (പട്ടിക ജാതി വിഭാഗം) നെല്ലിയടുക്കം കോളനി | 3,00,000 | ഭിത്തി |

ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, പൂർത്തീകരണ വിവരങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 25 തീയ്യതി 31.01.2022)

1-32 പള്ളിക്കര ഹോമിയോഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി - 247442/- രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0031/21 |
| പദ്ധതിയുടെ പേര് | പള്ളിക്കര ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 500000/-(മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ബിൽ നമ്പർ, തീയതി, തുക | 1/2020-21 Ghdp, 09/10/2020, 500000/- |

A) 2020-21 വർഷം മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രൊജക്റ്റ് നം.S0031/21 പ്രകാരം പള്ളിക്കര ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 500000/- രൂപ കേരള ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴ എന്ന സ്ഥാപനത്തിന് ബിൽ നമ്പർ 1/2020-21 Ghdp, 09/10/2020 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ രേഖകൾ പ്രകാരം മരുന്ന് ലഭ്യമായതിന് കാലതാമസം നേരിടുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഹോംകോയ്ക്ക് -തുക കൈമാറിയ തീയതി, തുക | മരുന്നുകൾ ലഭ്യമാക്കിയ ഇൻവോയിസ് നമ്പർ, തീയതി | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള കൈപ്പറ്റ് തീയതി | തുക |
|---|---|---|---|
| 09/10/2020, 500000/- | LF-1969, 18/12/2021 | 18/12/2021 | 252558/- |

500000/- രൂപ കേരള ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് നൽകിയതിൽ 247442/- രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല.

B) ലഭ്യമായ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിൽ ചുവടെ പറയുന്ന അപാകങ്ങളുണ്ട്.

| സ്റ്റോക്ക് രജിസ്റ്റർ നമ്പർ | പേജ് നമ്പർ | ഇനം | സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ബാലൻസ് | ബാലൻസായി വരേണ്ടിയിരുന്നത് |
|---|---|---|---|---|
| 31 | 59 | LYCOPODIUM | 300ml | 200ml |
| 30 | 62 | Kalibich | 200ml | 100ml (ഇൻവോയിസ് പ്രകാരം ലഭ്യമായത് 1X100ml) |
| 30 | 91 | Ruta | 2x100ml | 3x100ml |
| 25 | 37 | Conium Mac | 1x100ml | 3x100ml |
| 27 | 120 | Natrum Sulph | 1250 Strips | 5250 Strips |
| 34 | 64 | Petrolium Ointment | 36x10g | 360x10gm |
| 32 | 41 | Mullein Oil | 7x100ml | 9x100ml |

C) സ.ഉ(കൈ)നം.22/2018/തസ്വഭവ, 14/02/2018 ഖണ്ഡിക7.5.3 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെ തന്നെ മരുന്നിനായി തുക ചെലവഴിച്ചിരിക്കുന്നു. വിശദാംശം ചുവടെ

ചേർക്കുന്നു.

| | |
|---|---|
| നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് നമ്പർ, തീയതി | No.743/E2/2020/DMK, 23/12/2020 |
| ഇൻഡന്റ് നമ്പർ, തീയതി | No.14D21/2020-2021/3, 16/11/2020 |
| ഹോംകോയ്ക്ക്-തുക കൈമാറിയ തീയതി | 09/10/2020 |
| ഹോംകോയിൽ നിന്നുമുള്ള കൈപ്പറ്റ് രസീത് | നം 3281, 31/10/2020 |
| ഹോംകോയ്ക്ക് ആവശ്യമായ മരുന്നുകളുടെ ഇൻഡന്റ് അയച്ചത് | 11/11/2020 |

നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭികാതെ ഇത്തരത്തിൽ തുക ചെലവഴിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

4) ഇൻവോയിസ് നമ്പർ LF-1969, 18/12/2021 പ്രകാരം ലഭ്യമാക്കിയ ചുവടെ പറയുന്ന ഇനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

| ഇൻവോയിസിലെ ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 12 | KALISULPHURATHU 6X | 2625 |
| 84 | MAG PHOS 200 | 60 |

5) 11/11/2020 ന് ഹോംകോ ഡയറക്ടർക്ക് അയച്ച കത്തിൽ 2019-20 വർഷത്തെ 5 ലക്ഷം രൂപയുടെ മരുന്നുകൾ പല തവണ ഫോൺ മുഖാന്തരം ബന്ധപ്പെട്ടിട്ടും ഇതുവരെയും പാർട്ട് സപ്ലൈ പോലും ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഈ തുകയ്ക്ക് മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടുണ്ടെങ്കിൽ / ലഭിക്കുവാൻ ബാക്കിയുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4, 27/01/2022ന് മറുപടി ലഭിച്ചിട്ടില്ല. ബാക്കിയുള്ള 247442/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-33 ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 06.032019 ലെ സർക്കുലർ നമ്പർ CE/Admin/ PLA/EMP/ 1014/(A)/05 പ്രകാരം 15.03.2019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇന്റക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു ജി.എസ്.ടി. കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും വ്യവസ്ഥചെയ്യുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തുന്ന സാധന സാമഗ്രികൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദനീയമല്ല. ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ ചെർക്കപ്പാറ ചാലിൽ ബോർവെല്ലിനു മോട്ടോർ സ്ഥാപിക്കൽ (പ്രൊജക്ട് നം എസ്.ഒ.0214/21 ) , കെ.എസ്.ഡി.പി. റോഡ് മുതൽ വെങ്കിട്ടരമണ ക്ഷേത്രം വരെ നടപ്പാത നിർമ്മാണം (പ്രൊജക്ട് നം.എസ്.ഒ. 0392/20) എന്നീ പ്രവൃത്തികളിൽ സ്ഥാപനം നൽകിയ 18% ജി.എസ്.ടി. തുക ഉൾപ്പെടെയുള്ള ഇൻവോയ്സ് തുകയ്ക്ക് 12% ജി.എസ്.ടി. കോമ്പൻസേഷൻ കൂടി അനുവദിച്ചതിനാൽ 15,017/- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. നഷ്ടത്തിന്റെ വിശദാംശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-2, 3-3 എന്നിവയിൽ ചേർത്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 20 തീയതി 31.01.2022 & 21 തീയതി 31.01.2022).

1-34 ഡയറി ഫാം ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വൗച്ചറുകളും അനുബന്ധരേഖകളും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2020-2021 വർഷത്തിൽ ഡയറി ഫാം ഇൻസ്പെക്ടർക്ക് ചുവടെ പരാമർശിക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി ഗ്രാമ പഞ്ചായത്തിൽ നിന്നും 15,28,848/- രൂപ അനുവദിച്ചിട്ടുണ്ട്.

| അലോട്ട്മെന്റ് നമ്പർ,തീയതി. | തുക | ഫണ്ട് | തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം |
|---|---|---|---|
| 286/06.01.2021 | 61266/- | വികസന ഫണ്ട് -പൊതു വിഭാഗം സാധാരണ വിഹിതം | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി (പ്രൊജക്ട് നം 123/21) |
| 287/06.01.2021 | 1,16,531/- | | |
| 288/06.01.2021 | 2,30,595/- | | |
| 289/06.01.2021 | 7,046/- | | |
| 365/15.02.2021 | 35,493/- | | |
| 366/15.02.2021 | 68,272/- | | |
| 367/15.02.2021 | 16,797/- | | |
| ആകെ | 6,00,000/- | | |

ഈ തുക കൂടാതെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി (പ്രൊജക്ട് നം 0123/21) എന്ന പദ്ധതിക്കായി 3,85,046/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി (പ്രൊജക്ട് നം 0181/21) എന്ന പദ്ധതിക്കായി 4,00,000/- രൂപയും നിർവ്വഹണോദ്യോഗസ്ഥന് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ,തീയതി. | തുക | ഫണ്ട് | തുക അനുവദിച്ചതിന്റെ ഉദ്ദേശ്യം |
|---|---|---|---|
| 120070100263/ 30.03.2021 | 1,20,000/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി (പ്രൊജക്ട് നം 123/21) |
| 120070100264/ 30.03.2021 | 1,30,632/- | | |
| 120070100266/ 30.03.2021 | 1,09,293/- | | |
| 120070100267/ 30.03.2021 | 25,121/- | | |
| ആകെ | 3,85,046/- | | |

| | | | |
|---|---|---|---|
| 120070100142/ 09.01.2021 | 1,98,091/- | ജില്ലാ പഞ്ചായത്ത് വിഹിതം | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി (പ്രൊജക്ട് നം 123/21) |
| 120070100143/ 09.01.2021 | 77,763/- | | |
| 120070100178/ 14.02.2021 | 65,932/- | | |
| 120070100188/ 21.02.2021 | 58,214/- | | |
| 120070100027/ 13.05.2020 | 1,43,802/- | | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി (പ്രൊജക്ട് നം 181/21) |
| ആകെ | 5,43,802/- | | |

ഡയറി ഫാം ഇൻസ്ട്രക്ടർക്ക് മേൽ വിവരിച്ച പ്രകാരം അനുവദിച്ച 15,28,848/- രൂപയുടെ ചെലവ് വൗച്ചറുകളും അനുബന്ധരേഖകളും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിക്വസിഷൻ നമ്പർ 1 തീയതി 29.01.2022 പ്രകാരം ഡയറി ഫാം ഇൻസ്ട്രക്ടറുടെ ക്യാഷ് ബുക്ക്, പ്രൊജക്ട് നം 123/21, പ്രൊജക്ട് നം 181/21എന്നിവയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ചെലവ് വൗച്ചറുകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടിയായി നിർവ്വഹണോദ്യോഗസ്ഥൻ ക്വാറന്റീനിലായതിനാൽ രേഖകൾ പരിശോധനയ്ക്ക് പിന്നീട് ഹാജരാക്കുന്നതാണ് എന്ന് (ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 31.01.2022ലെ കത്ത് നം SC1-231/2022 കത്ത് പ്രകാരം) അറിയിച്ചിട്ടുണ്ട്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ഡയറി ഫാം ഇൻസ്ട്രക്ടർ 2020-2021 വർഷം ചെലവഴിച്ച 15,28,848/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-35 പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ - തുക പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിൽ നിക്ഷേപിച്ചു.

പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ ചുവടെ പരാമർശിക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിലുണ്ടായ കാല താമസത്തിന് കരാർ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുണ്ട്. കരാറുകാർക്ക് കരാർ വ്യവസ്ഥ പ്രകാരമുള്ള സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുന്നില്ലെങ്കിൽ പ്രവൃത്തികളുടെ നിർവഹണത്തിലുള്ള കാലതാമസത്തിനുള്ള പിഴ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി പൂരകകരാർ ചമച്ച് നിർവഹണ കാലാവധി രേഖാമൂലം നീട്ടി നൽകേണ്ടതാണ്. ഇപ്രകാരം കരാറുകാരിൽ നിന്നും കാലതാമസത്തിനുള്ള പിഴയിനത്തിൽ ഈടാക്കുന്ന തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിൽ ഒടുക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ അവാർഡ് എന്നിവയിൽ നിന്നുമുള്ള പ്രവൃത്തികളുടെ ബിൽ തുകകൾ നൽകുമ്പോൾ പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിനു ചുമത്തിയ പിഴ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ട്രഷറിയിലുള്ള സേവിങ്ങ്സ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 799013000000274) നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. പ്രവൃത്തികളുടെ ബില്ലുകൾ തീർപ്പാക്കുമ്പോൾ പിഴ തുകകൾ ക്രമീകരിക്കുന്ന സംഗതിയിൽ യഥാർത്ഥത്തിൽ പ്രവൃത്തിയുടെ മൂല്യത്തുകയിൽ നിന്നും പിഴയിനത്തിലുള്ള തുക കുറവ് ചെയ്ത് ബാക്കി തുക മാത്രമേ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കേണ്ടതുള്ളൂ. അതിനു പകരം പിഴ തുക അടക്കമുള്ള തുക പിൻവലിച്ച് പിഴ തുക

പഞ്ചായത്തിന്റെ സേവിങ്ങ്സ് അക്കൗണ്ടിലേക്ക് മാറ്റുക വഴി സർക്കാറിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും തുക പിൻവലിച്ച് ഗ്രാമ പഞ്ചായത്തിന്റെ വരുമാനം ആക്കി മാറ്റുന്നതിലേക്ക് വഴിവെച്ചു. ഇത് ശരിയായ നടപടി ക്രമമല്ല. 2020-2021 വർഷത്തിൽ 49,520/- രൂപ ഇപ്രകാരം വകമാറ്റിയിട്ടുണ്ട്. ഈ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14. തി. 29.01.2022) മറുപടി നൽകിയിട്ടില്ല.

| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | കരാറുകാരന്റെ പേര് | എം.ബുക്ക്. നം | കരാറുകാരന് നൽകിയ തുക | ട്രഷറി ബിൽ നമ്പർ/ തീയ്യതി | ഫണ്ട് | കാലതാമസത്തിനുള്ള പിഴയിനത്തിൽ ഈടാക്കിയ തുക |
|---|---|---|---|---|---|---|
| പൊടിപ്പള്ളം അങ്കണവാടി റോഡ് കോൺക്രീറ്റ് (പ്രൊ.നം.221/21) | ഷാഹുൽ ഹമീദ്.ടി.എ. | 65/2019-20 | ₹3,04,173/- | 20200752008901175547 തി. 02.03.2021 (ബിൽ തുക ₹3,18,388/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 2,843/- |
| കുട്ടക്കനി ജി.യു.പി.സ്കൂൾ മേൽക്കൂരമാറ്റൽ (പ്രൊ.നം.234/21) | ഷഹസാദ് ഫുർഖാൻ | 258/18-19 | ₹2,17,374/- | 20200752008901127074 തി. 22.02.2021 (ബിൽ തുക ₹2,24,097/-) | മെയിന്റ നൻസ് ഫണ്ട് (റോഡിതരം) | ₹ 2,241/- |
| പനയാൽ കിഴക്കേക്കര എൻ.എച്ച് റോഡ് റീടാറിംഗ് (പ്രൊ.നം.175/21) | അനിൽ കമാർ.കെ.ടി | 169/20 & 148/19-20 | ₹4,96,734/- | 20200752008900926733 തി. 12.01.2021 (ബിൽ തുക ₹5,24,385/-) | മെയിന്റനൻസ് ഫണ്ട് (റോഡ്) | ₹ 8,923- |
| ചേറ്റുംകുണ്ട് ദാവൂദ് മൊഹല്ല ക്ലബ് റോഡ് കോൺക്രീറ്റ് (പ്രൊ.നം.236/21) | ഷമീർ.എ | 71/2020-21 | ₹4,52,365/- | 20200752008900728662 തി. 12.11.2020 (ബിൽ തുക ₹4,73,546/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹ 4,269/- |
| ശ്രീഗോപാലകൃഷ്ണ ടെമ്പിൾ ലിങ്ക് റോഡ് കോൺക്രീറ്റ് (പ്രൊ.നം.292/21) | എം.എം.അഹമ്മദ് | 234/18-19 | ₹5,33,694/- | 20200752008900728675 തി. 12.11.2020 (ബിൽ തുക ₹5,86,500/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹29,346/- |
| പനയാൽ ജി.എൽ.പി.സ്കൂൾ ടോയ്ലറ്റ് നവീകരണം (പ്രൊ.നം.285/21) | കെ.എ.അബ്ദുള്ള | 115/12020-21 & 122/2020-21 | ₹2,06,846/- | 20200752008901416713 തി. 29.03.2021 (ബിൽ തുക ₹2,12,541/-) | ധനകാര്യ കമ്മീഷൻ അവാർഡ് | ₹1,898/- |
| | | | | | ആകെ | ₹ 49,520/- |

## 1-36 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2020-2021 വർഷത്തിൽ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ആകെ അളവുമൂല്യത്തിന്റെ കൂടെ 12% ജി.എസ്.ടി. ഘടകവും കൂട്ടി കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ റിപ്പാർട്ടിലെ അനുബന്ധം-6ൽ പരാമർശിക്കുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല. അപാകത ശ്രദ്ധയിൽപെടുത്തുന്നു.

## 1-37 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. പള്ളിക്കര സർവീസ് കോപ്പറേറ്റീവ് ബാങ്കിന്റെ പള്ളിക്കര ശാഖയിൽ ഇതിനായി ഒരു അക്കൗണ്ട് (നം 9044) ആരംഭിച്ചിട്ടുണ്ട്. 31.03.2021ന് ഈ അക്കൗണ്ടിൽ 1,065/- രൂപ നിക്ഷേപമായുണ്ട്. പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധിയിൽനിന്നും അവസാനമായി ധനസഹായം അനുവദിച്ചത് 23.08.2018-നാണ്. 21.04.2014-നാണ് ദുരിദാശ്വാസ നിധിയിൽ അവസാനമായി തുക നിക്ഷേപിച്ചത്. പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി പേരിനുമാത്രം നിലനിർത്താതെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം

കാര്യക്ഷമമാക്കേണ്ടതാണ്.

1-38 മത്സ്യബന്ധന മേഖല- പദ്ധതി ആസൂത്രണം ഫലപ്രദമല്ല.

ഗ്രാമ പഞ്ചായത്തിലെ 1, 16, 22 എന്നീ വാർഡ് പൂർണ്ണമായും 18ാം വാർഡ് ഭാഗികമായും തീരപ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. ഈ പ്രദേശങ്ങളിലുള്ള ഏകദേശം 440 പേർ മത്സ്യ ബന്ധന മേഖലയിൽ ജോലി ചെയ്തുവരുന്നു. 2020-2021 സാമ്പത്തിക വർഷത്തിൽ മത്സ്യ ബന്ധന മേഖലയിൽ ഗ്രാമപഞ്ചായത്ത് 15.35 ലക്ഷം രൂപ അടങ്കലുള്ള 4 പ്രൊജക്ടുകൾ ആവിഷ്കരിച്ചിരുന്നെങ്കിലും തൻവർഷം പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. 2019-2020 സാമ്പത്തിക വർഷത്തിലും മത്സ്യ ബന്ധന മേഖലയിൽ 3 പ്രൊജക്ടുകൾക്ക് 2.70 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല.

മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനായി ഗ്രാമ പഞ്ചായത്ത് കാര്യമായ പദ്ധതികളൊന്നും ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമതത്തിലെ 166(1)-ാം വകുപ്പ് പ്രകാരം മത്സ്യവിപണനത്തിനുള്ള സഹായം നൽകുക, മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സേവനങ്ങൾ നൽകുക, മത്സ്യതൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പാക്കുക, മീൻ പിടുത്തത്തിനുള്ള ഉപകരണങ്ങൾ നൽകുക, മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും വികസിപ്പിക്കുക തുടങ്ങിയവയെല്ലാം ഗ്രാമ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനായി ഗ്രാമ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. മത്സ്യതൊഴിലാളികൾക്ക് മെച്ചപ്പെട്ട ആവാസ വ്യവസ്ഥ, തൊഴിൽ സാഹചര്യം, വിദ്യാഭ്യാസം എന്നിവ സാധ്യമാക്കി ആ വിഭാഗത്തിന്റെ സാമൂഹികമായും സാമ്പത്തികമായുമുള്ള പിന്നാക്കാവസ്ഥ പരിഹരിക്കുക എന്നത് പഞ്ചായത്തിന്റെ വികസന സമീപനമായിരിക്കണം. ആയതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ്, ജനപ്രധിനിധികൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

1-39 പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ആർജിത അവധി കണക്കാക്കുന്നതിൽ അപാകത.

01.11.1989 ലെ ജി.ഒ (പി)നം 480/89/ഫിൻ പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു വർഷത്തിൽ ആർജിക്കാവുന്ന പരമാവധി ആർജിത അവധിയുടെ എണ്ണം 15 ദിവസമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ചുവടെ പരാമർശിക്കുന്ന പാർട്ട് ടൈം ജീവനക്കാരുടെ സേവന പുസ്തകം പരിശോധിച്ചതിൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ മുഴുവൻ ആർജിത അവധിയും കണക്കിലെടുത്തിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | സേവനത്തിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 1 | ശ്രീമതി. ലീല.കെ | പാർട്ട് ടൈം സ്വീപ്പർ | 01.01.2009 |
| 2 | ശ്രീമതി. ചന്ദ്രാവതി.കെ | പാർട്ട് ടൈം സ്വീപ്പർ | 20.06.2014 |
| 3 | ശ്രീ.ചന്ദ്രൻ.കെ.വി | പാർട്ട് ടൈം പൗണ്ട് കീപ്പർ | 23.10.2007 |

ആയതിനാൽ മേൽ പരാമർശിച്ച പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ആർജിത അവധിയുടെ കണക്ക് അവർ സേവനത്തിൽ പ്രവേശിച്ച തീയതി മുതൽ ക്രമീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 36 തിയതി 02.02.2022).

1-40 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകത്വ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകലുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ

ഗ്രാമ പഞ്ചായത്തിൽ 2020-2021 സാമ്പത്തിക വർഷത്തിൽ 494 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെകൊടുക്കുന്നു.

1).ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ തരം ഏതാണെന്നോ രേഖപ്പെടുത്താൻ അപേക്ഷാ ഫോമുകളിൽ കോളം ഉണ്ടെങ്കിലും ആ വിവരം അപേക്ഷകളിൽ രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിൽ നിന്നും പ്രസ്തുത വിവരം ലഭ്യമല്ല.

2).ഓരോ സ്ഥാപനത്തിന്റേയും മൂലധന നിക്ഷേപം ഉറപ്പുവരുത്താതെയാണ് ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഫീസ് ഈടാക്കുന്നത്. മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിയിട്ടില്ല. ഒരേ വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത ഫീസ് ഈടാക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുമില്ല.

3).സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള 2957 കെട്ടിടങ്ങൾ ഗ്രാമ പഞ്ചായത്തിലുണ്ട്. എന്നാൽ 2020-21 വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 494 പേർ മാത്രമാണ് ലൈസൻസെടുത്തിട്ടുള്ളത്. ശേഷിക്കുന്ന 2463 കെട്ടിടങ്ങളെ സംബന്ധിച്ച വിവരം പരിശോധിക്കപ്പെട്ടിട്ടില്ല.

4)2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ വിവരിച്ച ലൈസൻസികളുടെ അപേക്ഷകൾ ഫയലിൽ ലഭ്യമല്ല.
ലൈസൻസ് നം1/20, 3/20, 9/20, 16/20, 17/20, 18/20, 22/20, 26/20, 70/20, 128/20, 198/20, 267/20, 310/20, 326/20, 377/20, 437/20, 456/20, 492/20, 493/20, 494/20.

5).മുഹമ്മദ് നൗഫൽ, S/o നൂറുദ്ദീൻ എന്നവരുടെ പേരിൽ 11.12.2020-ന് ലൈസൻസ് നമ്പർ രേഖപ്പെടുത്താതെ (കെട്ടിട നം-IX-4-H) ലൈസൻസ് അനുവദിച്ചതായി കാണുന്നു. ഈ ലൈസൻസ് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയിൽ ഇൻവേർഡ് നമ്പറും രേഖപ്പെടുത്തിയിട്ടില്ല.

6).പരിശോധിച്ച മിക്ക അപേക്ഷകളിലും ഇൻവേർഡ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളിൽ ലൈസൻസ് അനുവദിച്ചതായും കാണുന്നു, ഉദാ-ലൈസൻസ് നം 8, 33, 38, 46, 61, 82, 94, 105, 106, 107, 114 Etc

7) J4-117/20 നമ്പർ ആയി ലൈസൻസ് അനുവദിച്ച പി.മുഹമ്മദ് കുഞ്ഞി എന്നവരുടെ അപേക്ഷ 2019-20 വർഷത്തെ ലൈസൻസിനുള്ളതാണ്. ആ വ്യക്തിക്കാണ് ഓഡിറ്റ് വർഷം ലൈസൻസ് അനുവദിച്ചിട്ടുള്ളത്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 2463 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകതക്ക് വിശദമായ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 2.2.2022 തിയ്യതിയിൽ നൽകിയ 37-ാം നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-41 ഇ.എം.എസ് ഭവന പദ്ധതി ലോൺ- പലിശ അടവ് തനത്ഫണ്ട്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തിരിച്ചടവാക്കേണ്ടതിനു പകരം വികസനഫണ്ടിൽ നിന്ന് അടവാക്കി-അപാകത

ഇന്ദിര ആവാസ് യോജന (ഐ.എ.വൈ) അല്ലാതെ മറ്റ് ഭവന പദ്ധതികൾ നിലവിലില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുതിയ ഭവന പദ്ധതികൾ ഏറ്റെടുക്കാൻ ജി.ഒ.(എം.എസ്) നമ്പർ 83/13/1540 തസ്വഭവ തീയതി 11.3.2013 സർക്കാർ അനുമതി നല്കിയിരുന്നു. ഏഴ് നിബന്ധനകളോടു കൂടിയാണ് മേൽ ഉത്തരവ് ഇറക്കിയത്. ഇതിൽ നാലാമത്തെ നിബന്ധനയിൽ, വായ്പാ തുകയും പലിശയും തദ്ദേശ സ്വയം ഭരണ സ്ഥാപനം വായ്പ എടുക്കുന്ന ധനകാര്യ സ്ഥാപനത്തിൽ കരാർ പ്രകാരം തിരിച്ചടക്കേണ്ടതാണ് എന്നും വായ്പാ തുക വികസന ഫണ്ടിൽ നിന്നും, പലിശ തനത് ഫണ്ട് / ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തിരിച്ചടക്കേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പള്ളിക്കര ഗ്രാമ പഞ്ചായത്തിന് ഉത്തരവ് നം.11598/ഡി.ബി.ഐ/ 15/ ത.സ്വ.ഭ.വ. തി.29.07.2015 പ്രകാരം ലോൺ എടുക്കുവാൻ അനുമതി നല്കുകയുണ്ടായി. തുടർന്ന് 10% പലിശ നിരക്കിൽ പനയാൽ സർവീസ് സഹകരണ ബാങ്കിൽ നിന്നും ഇ.എം.എസ്. ഭവന പദ്ധതിക്കു വേണ്ടി 1,47,80,000/- രൂപ (2015-16- ൽ 85,00,000/- രൂപ, 2016-17-ൽ 60,00,000/- രൂപ, 2017-18-ൽ 2,80,000/- രൂപ) വിവിധ വർഷങ്ങളിൽ ലോൺ എടുക്കുകയും ചെയ്തു. ലോണിന്റെ നിലവിലെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വായ്പയുടെ പേര് / ഉദ്ദേശ്യം | ഇ.എം.എസ് ഭവന പദ്ധതി (പുതിയത്) (പനയാൽ സർവീസ് സഹകരണ ബാങ്ക്) |
| ഉത്തരവ്നമ്പർ/ തീയ്യതി | ജി.ഒ.(എം.എസ്) നമ്പർ 83/13/1540 തസ്വഭവ തീയതി L1.3.2013 |
| വായ്പ തുക | 1,47,80,000 രൂപ |
| മുൻ വർഷങ്ങളിൽ തിരിച്ചടച്ച തുക | 60,00,000 രൂപ |
| വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 87,80,000 രൂപ |
| വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക | 87,80,000 രൂപ |
| 31.03.2021-വരെ പലിശ ഇനത്തിൽ അടക്കേണ്ട തുക | 54,96,856 രൂപ |
| 31.03.2021- വരെ തിരിച്ചടച്ച പലിശ | 49,10,795 രൂപ |
| 31.03.2021- വരെ തിരിച്ചടക്കാൻ ബാക്കിയുള്ള പലിശ | 5,86,061 രൂപ |

ഓഡിറ്റ് വർഷം പലിശ ഇനത്തിൽ വികസന ഫണ്ടിൽ നിന്നും 12,28,000 രൂപ തിരിച്ചടച്ചിട്ടുണ്ട്.

ബിൽ നം. 19/ തീ.24.11.2020, തുക 12,28,000

പ്രൊജക്ട് നം-25/2020-21, ഇ.എം.എസ്. ഭവനം പുതിയത് വായ്പാ തിരിച്ചടവ്.

ജി.ഒ.(എം.എസ്) നമ്പർ 83/13/1540 തസ്വഭവ തീയതി 11.3.2013 സർക്കാർ അനുമതിയിൽ വായ്പയുടെ പലിശ തനത്ഫണ്ട് / ജനറൽ പർപ്പസ് ഫണ്ടിൽ നിന്നാണ് തിരിച്ചടവ് വരുത്തേണ്ടത് എന്ന് നിഷ്കർഷിച്ചിരുന്നതാണ്. എന്നാൽ ഈ ഉത്തരവ് പാലിക്കാതെ വായ്പയുടെ പലിശ വികസന ഫണ്ടിൽ നിന്നാണ് അടവാക്കിയിട്ടുള്ളത്. കൂടാതെ 31.03.2021- വരെ പലിശയിനത്തിൽ ഓഡിറ്റ് വർഷം വികസന ഫണ്ടിൽ നിന്നും അടവാക്കിയ 12,28,000 രൂപയടക്കം 49,10,795 രൂപ തിരിച്ചടച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി വായ്പയുടെ പലിശ വികസന ഫണ്ടിൽ നിന്നും അടവാക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്. കൂടാതെ നാളിതുവരെ പലിശയിനത്തിൽ മുൻ വർഷങ്ങളിൽ അടവാക്കിയ 36,82,795 (49,10,795-12,28,000) രൂപയിൽ, വികസന ഫണ്ടുകളിൽ നിന്ന് അടവാക്കിയ തുക എത്രയാണെന്ന് കണ്ടെത്തി വികസന ഫണ്ടുകളിൽ അടവാക്കിയ തുക വായ്പാ തുകയിലേക്ക് ക്രമീകരിക്കേണ്ടതും ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.0007/21

അടങ്കൽ- 1,50,000/-രൂപ – എസ്.സി.പി.

ചെലവ് - 1,37,300/-രൂപ

ബിൽ നം.17/2020-21/ 3.3.2021 – 1,37,300/- രൂപ

ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്ക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം,ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകളിൽ സർക്കാർ /എയ്ഡഡ് /സ്വാശ്രയ സ്ഥാപനങ്ങൾ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലാപ് ടോപ്പ് വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി.

കെൽട്രോണിൽ നിന്ന് നേരിട്ട് ലാപ് ടോപ്പ് വാങ്ങി നൽകുകയാണ് ചെയ്തത്. കെൽട്രോൺ ഐ.ടി.ബിസിനസ്സ് ഗ്രൂപ്പ്, തിരുവനന്തപുരം സമർപ്പിച്ച 22.2.2021 ലെ നം.TVM/ ITBG/ PI/ RC/ 21506/ 20-21 പ്രഫോർമ ഇൻവോയ്സ് പ്രകാരമാണ് പർച്ചേസ് നടത്തിയത്. ഇത് പ്രകാരം ഒരു ലാപ് ടോപ്പിന്റെ വില 27,460/- രൂപയാണ്. ഡെലിവറി ചെലാൻ നം.10982/20-21/തിയ്യതി -24.3.2021 പ്രകാരം കെൽട്രോൺ തിരുവനന്തപുരം അഞ്ച് ലാപ് ടോപ്പുകൾ നൽകി. ബിൽ നം.17/2020-21/3.3.2021 പ്രകാരം 1,37,300/-രൂപ കെൽട്രോണിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം.799011400003959/ ട്രഷറി അക്കൗണ്ട്). ലാപ് ടോപ്പുകൾ താഴെപ്പറയും പ്രകാരം വിതരണം ചെയ്തു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന സ്ഥാപനം കോഴ്സ് | ആധാർ നം. |
|---|---|---|---|
| 1 | അനുപമ.ബി.<br>D/O ബാബു.കെ<br>പനയാൽ, ബേക്കൽ | ബി.എ. മലയാളം മൂന്നാം വർഷം<br>ഗവ.കോളേജ്, കാസറഗോഡ് | 441147651010 |
| 2 | അശ്വിൻ.എ.<br>D/O രവീന്ദ്രൻ.എ<br>ത്രയമ്പകം ഹൗസ്, അടുക്കം | ബികോം മൂന്നാം വർഷം<br>ഗവ.ആർട്സ് &സയൻസ് കോളേജ്, ഉദുമ | 285202038295 |
| 3 | രഞ്ജിത്.ടി.ജി.<br>S/O ബേബി<br>കോട്ടക്കുന്ന്,<br>ബേക്കൽ ഫോർട്ട് | Diploma In Computer Application Course-LBS Sub Centre, Kasaragod<br>1year Course. | 482014575145 |
| 4 | അഭിഷേക്.വി.<br>S/O സൗദാമിനി.വി<br>രജനി നിലയം, പാക്കം | ബി.എസ്.സി. രണ്ടാം വർഷം, പോളിമർ കെമിസ്ട്രി – നെഹ്റു ആർട്സ് &സയൻസ് കോളേജ്, കാഞ്ഞങ്ങാട് | 980110206660 |

| | | | |
|---|---|---|---|
| 5 | ധന്യ.എം. D/O ഉഷാകുമാർ.എം മാത്തിൽ ഹൗസ്, പള്ളിക്കര | I Year Electrical&Electronics Engg.Diploma Course, - ഗവ. പോളിടെക്ക്നിക്ക് കോളേജ്, കാസറഗോഡ് | 207560888232 |

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.ഈ പദ്ധതിക്കായി കെൽട്രോൺ ഐ.ടി.ബിസിനസ്സ് ഗ്രൂപ്പ്, തിരുവനന്തപുരം സമർപ്പിച്ച 22.2.2021 ലെ നം.TVM/ ITBG/ PI/RC/ 21506/ 20-21 പ്രഫോർമ ഇൻവോയ്സ് പ്രകാരമാണ് പർച്ചേസ് നടത്തിയത്. പ്രഫോർമ ഇൻവോയ്സിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

2.കെൽട്രോൺ ഐ.ടി.ബിസിനസ്സ് ഗ്രൂപ്പ്, തിരുവനന്തപുരം ലാപ് ടോപ്പ് വിതരണം ചെയ്ത് സമർപ്പിച്ച 1,37,000/-രൂപയുടെ ഇൻവോയ്സ് പരിശോധനക്ക് ഹാജരാക്കിയില്ല.

3.ക്രമ നം.(3) രഞ്ജിത്.ടി.ജി, S/O ബേബി, കോട്ടക്കുന്ന്, ബേക്കൽ ഫോർട്ട് എന്ന വിദ്യാർത്ഥി പഠിക്കുന്ന കോഴ്സ് Diploma In Computer Application Course (DCA) എന്ന LBS Sub Centre, Kasaragod നടത്തുന്ന ഒരു വർഷത്തെ കോഴ്സ് ആണ്. ഇത് പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള കോഴ്സുകളിൽ ഉൾപ്പെടുന്നില്ല. ഈ വിദ്യാർത്ഥി പദ്ധതി പ്രകാരം ലാപ് ടോപ്പിന് അർഹനല്ല. വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.09/29.1.2022 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് 31.1.2022 ന് മറുപടി നൽകിയിട്ടുണ്ട്. ക്രമ നം.(1) ന് CPCRS പോർട്ടലിൽ നിന്നാണ് വാങ്ങിയത്, 15.6.2020 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിന് ഭരണസമിതി അംഗീകാരം നൽകി എന്നുമാണ് മറുപടി. അംഗീകരിച്ച രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ക്രമ നം.(2) ന് ഇൻവോയ്സ് ഹാജരാക്കിയിട്ടുണ്ട്. അതിനാൽ ഈ രണ്ട് തടസ്സങ്ങളും ഒഴിവാക്കി.

ക്രമ നം.(3) ന് മറുപടി നൽകിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള കോഴ്സുകളിൽ ഉൾപ്പെടാത്തതിനാൽ രഞ്ജിത്.ടി.ജി, S/O ബേബി, കോട്ടക്കുന്ന്, ബേക്കൽ ഫോർട്ട് എന്ന വിദ്യാർത്ഥി പദ്ധതി പ്രകാരം ലാപ് ടോപ്പിന് അർഹനല്ല. ഈ വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് നൽകുന്നതിന് ചെലവഴിച്ച 27400/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>3-2 ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്.</u>

<u>നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.</u>

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യ.ഡി ചീഫ് എഞ്ചിനീയറുടെ 06.032019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.032019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇന്റക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും വ്യവസ്ഥചെയ്യുന്നുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തുന്ന സാധന സാമഗ്രികൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദനീയമല്ല. ചെർക്കപ്പാറ ചാലിൽ ബോർവെല്ലിനു മോട്ടോർ സ്ഥാപിക്കൽ എന്ന പ്രവൃത്തിയിൽ സ്ഥാപനം നൽകിയ 18% ജി.എസ്.ടി. തുക ഉൾപ്പെടെയുള്ള ഇൻവോയ്സ് തുകയ്ക്ക് 12% ജി.എസ്.ടി. കോമ്പൻസേഷൻ കൂടി അനുവദിച്ചതിനാൽ 9,669/- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | എസ്.ഒ. 0214/21 (ചെർക്കപ്പാറ ചാലിൽ ബോർവെല്ലിനു മോട്ടോർ സ്ഥാപിക്കൽ) |

| | | | |
|---|---|---|---|
| അടങ്കൽ | ₹ 1.5 ലക്ഷം രൂപ (തനത് ഫണ്ട്) | | |
| എസ്റ്റിമേറ്റ് | ₹ 1.5 ലക്ഷം രൂപ (EST NO: 2019/12787) | | |
| സാങ്കേതികാനുമതി | ₹ 1.5 ലക്ഷം രൂപ No. 34839/2019-2020<br>(Order No.LSGD/TS/ 2019-2020/ 12787 Dated 07.08.2019 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, കാഞ്ഞങ്ങാട്). | | |
| എം. ബുക്ക് നം. | 152/19-20 | | |
| ആകെ അളവ് മൂല്യം | ₹ 105565/- | | |
| കരാറുകാരൻ | പ്രദ്യുമ്ന.ബി.കെ. | | |
| ക്വാട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | | |
| എഗ്രിമെന്റ് നമ്പർ | AE/LSGD/PK/28/2019-20 Dated 20.12.2019 | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | ചെക്ക് നം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
